മി. സ്പീക്കർ: ഓർഡർ......ഓർഡർ...... ചോദ്യം നമ്പർ (*31)

**വിഴിഞ്ഞം തുറമുഖത്തിൽനിന്നുള്ള ചരക്കുനീക്കം സുഗമമാക്കാൻ നടപടി**

1 (*31) ശ്രീ. കെ. ആൻസലൻ:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

തുറമുഖ - സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തുനിന്നുള്ള ചരക്കുനീക്കം സുഗമമാക്കുന്നതിനായി എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കാനാണ് സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ചരക്കുനീക്കത്തിലെ നിലവിലെ പരിമിതികൾ പരിഹരിക്കുന്നതിന് ഏതെല്ലാം റോഡുകളുടെ വികസന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നിർദ്ദിഷ്ട വിഴിഞ്ഞം-ബാലരാമപുരം ഭൂഗർഭ റെയിൽപ്പാതയുടെ ഡി.പി.ആർ.-ന് അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത ഭൂഗർഭ റെയിൽപ്പാതയ്ക്കായി ഏറ്റെടുക്കേണ്ടിവരുന്ന സ്ഥലത്തിന്റെയും പ്രതീക്ഷിക്കുന്ന ചെലവിന്റെയും വിശദാംശം ലഭ്യമാക്കാമോ?

തുറമുഖ - സഹകരണ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ,

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രധാനമായും ഒരു ആഴക്കടൽ കണ്ടെയ്നർ ട്രാൻഷിപ്പ്മെന്റ് പോർട്ടാണ്. തുറമുഖത്ത് കൈകാര്യം ചെയ്യുന്ന ചരക്കുകളുടെ ഏകദേശം 16% കരമാർഗം നടക്കുമെന്ന് കണക്കാക്കുന്നു. ഇതിനായി റോഡ് സംവിധാനവും റെയിൽവേ സംവിധാനവും വിഭാവനം ചെയ്തിട്ടുണ്ട്. റോഡിന്റെ പണികൾ അന്തിമഘട്ടത്തിലാണ്. റെയിൽവേയുടെ പണികൾക്ക് പാരിസ്ഥിതിക അനുമതി ലഭിക്കുകയും അതിന്റെ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) ദക്ഷിണ റെയിൽവേ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. റെയിൽവേയുടെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലത്തിന്റെ ഏറ്റെടുക്കൽ നടപടികൾ നടന്നുവരുന്നു.

(ബി) തുറമുഖത്തെ NH-66-മായി ബന്ധിപ്പിക്കുന്ന 1.7 കിലോമീറ്റർ റോഡിന്റെ പണികൾ അന്തിമഘട്ടത്തിലാണ്. NH-മായി ബന്ധിപ്പിക്കുന്ന

ജംഗ്ഷന്റെ രൂപരേഖയ്ക്ക് അംഗീകാരം നൽകുന്നതിന് ചീഫ് സെക്രട്ടറി അധ്യക്ഷനായിട്ടുള്ള പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റി (PIC) ശിപാർശ ചെയ്തിട്ടുണ്ട്. എന്നാൽ ഇത് പൂർത്തികരിച്ച് പ്രവർത്തനക്ഷമമാകുന്നതുവരെ ചരക്കുനീക്കത്തിനുള്ള ഒരു താൽക്കാലിക സംവിധാനം സംബന്ധിച്ച ചർച്ചകൾ NH അധികാരികളുമായി നടന്നുവരുന്നു.

(സി) നിർദ്ദിഷ്ട ഭൂഗർഭ പാതയുടെ ഡി.പി.ആർ.-ന് ദക്ഷിണ റെയിൽവേയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. തുടർന്ന് ചീഫ് സെക്രട്ടറി അധ്യക്ഷനായിട്ടുള്ള പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെ (PIC) അംഗീകാരം നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

(ഡി) നിർദ്ദിഷ്ട ഭൂഗർഭ റെയിൽപാത വഴി ബാലരാമപുരം സ്റ്റേഷനും തുറമുഖവുമായി ബന്ധിപ്പിക്കുന്നതിന് ബാലരാമപുരം, അതിയന്നൂർ, പള്ളിച്ചൽ, വിഴിഞ്ഞം എന്നീ നാല് വില്ലേജുകളിലായി ആകെ 5.53 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതായിവരുന്നു. ഇതിനായി ഏകദേശം 198 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, കേരളത്തിന്റെ സ്വപ്നപദ്ധതിയായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി യാഥാർത്ഥ്യമാകാൻ പോകുകയാണ്. ഈ പ്രോജക്ടിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് കഴിഞ്ഞ എട്ടുവർഷക്കാലം വലിയ വൈതരണികളാണ് സർക്കാരിന് നേരിടേണ്ടിവന്നത്. തീരദേശത്ത് ആഞ്ഞടിച്ച ഓഖി ചുഴലിക്കാറ്റ്, തുടർന്നുവന്ന പ്രളയങ്ങൾ, കോവിഡ് മഹാമാരി തുടങ്ങിയ നാലുവർഷക്കാലത്തെ പ്രതിസന്ധികൾ നിലനിൽക്കുമ്പോഴും ഈ പ്രോജക്ട് യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോയിട്ടുണ്ട്. തീരദേശവാസികളായ പാവപ്പെട്ട ജനങ്ങളെ കോൺഗ്രസ് സ്പോൺസർ ചെയ്തുകൊണ്ട് സമരം നടത്തി അക്രമത്തിലേയ്ക്ക് കൊണ്ടുപോകുന്നതിന് നടത്തിയ ശ്രമങ്ങളെയടക്കം ചെറുത്തു പരാജയപ്പെടുത്തിക്കൊണ്ടാണ് പ്രോജക്ട് മുന്നോട്ടുപോകുന്നത്. പ്രസ്തുത പ്രോജക്ടിന്റെ തൽസ്ഥിതി എന്താണ്; പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കും?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, പ്രോജക്ടിന്റെ ഡ്രെഡ്ജിംഗ് ആൻഡ് റിക്ലമേഷൻ 98%, ബ്രേക്ക് വാട്ടർ 81%, ബെർത്ത് 92%, കെട്ടിടങ്ങൾ 94%,

കണ്ടെയ്നർ യാർഡ് 74%, പദ്ധതി ഉപകരണങ്ങളും ക്രെയിനുകളും 91%, ഗേറ്റ് സമുച്ചയവും റോഡും 70% എന്നിങ്ങനെ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ആകെ പുരോഗതി 88% ആണ്. ജൂൺ അവസാനത്തോടെ ട്രയൽ നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, പദ്ധതിയോടനുബന്ധിച്ച് നിർമ്മിക്കാനുദ്ദേശിക്കുന്ന ഫിഷ് ലാൻഡിംഗ് സെന്റർ, നിലവിലെ ഫിഷിംഗ് ഹാർബറിന്റെ നവീകരണത്തിന്റെ പുരോഗതി എന്നിവ സംബന്ധിച്ച് വിശദീകരിക്കാമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ഇത് സംബന്ധിച്ച് തുറമുഖത്തിന്റെ അധികൃതരും ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ ഉദ്യോഗസ്ഥ പ്രമുഖരും തൊഴിലാളി സംഘടനകളുമായി രണ്ടുമൂന്ന് പ്രാവശ്യം ചർച്ച നടത്തിയിരുന്നു. ഇന്ന് ഉച്ചയ്ക്കുശേഷം അന്തിമതീരുമാനമെടുക്കുന്നതിനായി യോഗം ചേരുന്നുണ്ട്. അത്തരത്തിൽ പ്രസ്തുത വിഷയത്തിന് പരിഹാരം കാണുന്നതാണ്.

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ലോകശ്രദ്ധയിലുള്ള ഏറ്റവും പ്രധാനപ്പെട്ട പ്രോജക്ടാണ്. ബഹുമാനപ്പെട്ട മന്ത്രി

ചൂണ്ടിക്കാണിച്ചതുപോലെ വളരെ വേഗത്തിൽത്തന്നെ പദ്ധതി പൂർണ്ണമായ അർത്ഥത്തിൽ കമ്മീഷൻ ചെയ്യാൻ പോകുകയാണ്. കേരളത്തിന്റെയും തിരുവനന്തപുരത്തിന്റെയും പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ട് നഗരവികസനവുമായി ബന്ധപ്പെട്ട പദ്ധതികൾ എങ്ങനെയാണ് തുറമുഖ വികസനവുമായി ബന്ധപ്പെടുത്താൻ ഉദ്ദേശിക്കുന്നത്?

ശ്രീ. വി. എൻ. വാസവൻ: സർ, ഇത് സംബന്ധിച്ച് പല രൂപത്തിലുള്ള ചർച്ചകൾ നടന്നുവരികയാണ്. പദ്ധതിക്ക് അന്തിമരൂപം കൊടുക്കുന്നതിനുള്ള യോഗം ഈ മാസം തന്നെ ചേരുന്നതാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഒന്നും രണ്ടും പിണറായി സർക്കാരിന്റെ കഴിഞ്ഞ എട്ടുവർഷക്കാലം നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വികസനപ്രവർത്തനങ്ങളുടെ വലിയൊരു വേലിയേറ്റമുണ്ടായ കാലമാണ്. സ്കൂളുകൾ, ആശുപത്രികൾ, ദേശീയപാത, തീരദേശ ഹൈവേ എന്നിവയുടെ വികസനം മാത്രമല്ലേയുള്ളൂ എന്ന നിലയിൽ വികസനത്തെ പരിമിതപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നമ്മുടെ നാട്ടിൽ ചിലയാളുകൾ നടത്തുന്നുണ്ട്. അടിസ്ഥാന വികസനമെന്ന നിലയിൽ

സംസ്ഥാനത്ത് പൂർത്തീകരിക്കുന്ന ഒരു സ്വപ്നപദ്ധതി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി തന്നെയാണ്. ധാരാളം പ്രതിസന്ധികളും പ്രയാസങ്ങളും ഉണ്ടായിട്ടുണ്ട്. നേരത്തേ ശ്രീ. കെ. ആൻസലൻ സംസാരിച്ചപ്പോൾ അപ്പുറത്തുനിന്നും ചെറിയൊരു ശബ്ദമുണ്ടായി. തീരദേശവാസികളെ തെറ്റിദ്ധരിപ്പിച്ച് ഈ വികസനപദ്ധതിയെ മുടക്കാനായി നടത്തിയ പരിശ്രമങ്ങൾ നാട്ടുകാർക്കെല്ലാം നന്നായിട്ടറിയാം. തീരദേശവാസികൾക്ക് ആ തെറ്റിദ്ധാരണ പൂർണ്ണമായും മാറിയിട്ടില്ലെന്ന് കഴിഞ്ഞ തിരഞ്ഞെടുപ്പുകാലത്ത് ഞങ്ങൾക്ക് മനസ്സിലായി.

അത്തരത്തിലുള്ള വികസന പദ്ധതികളുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രോജക്ട് ഭൂഗർഭ റെയിൽപ്പാതയാണ്. അതിന് എത്ര ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നത്; ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണ്; പ്രതീക്ഷിക്കുന്ന ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, 10.7 കിലോമീറ്ററാണ് ആകെ റെയിൽവേ പാതയുടെ ദൈർഘ്യം. അതിൽ 9.2 കിലോമീറ്ററാണ് ഭൂഗർഭ പാത. ഇതിനാവശ്യമായ സ്ഥലമെടുപ്പ് നിലവിൽ നടന്നുവരികയാണ്.

എത്രത്തോളം സ്ഥലം ഏറ്റെടുക്കണമെന്നത് സംബന്ധിച്ച് നേരത്തേ വിശദീകരിച്ചുകഴിഞ്ഞതാണ്. അതിന്റെ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടക്കുകയാണ്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, വിഴിഞ്ഞം തുറമുഖ നിർമ്മാണവും വികസനവുമായി ബന്ധപ്പെട്ട് സൃഷ്ടിക്കുന്ന തൊഴിലവസരങ്ങൾ സംബന്ധിച്ച് വിശദമാക്കാമോ; പ്രദേശവാസികൾക്ക് എത്രമാത്രം തൊഴിലവസരങ്ങൾ നൽകാനാകുമെന്നും വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, തൊഴിലവസരങ്ങളെ സംബന്ധിച്ച കണക്കുകൾ നിലവിൽ കൃത്യമായി പറയാൻ കഴിയില്ലെങ്കിലും പദ്ധതി പൂർണ്ണമാകുമ്പോൾ ഏകദേശം രണ്ടായിരത്തിയഞ്ഞൂറിലേറെ തൊഴിലവസരങ്ങൾ ഉണ്ടാകുമെന്നാണ് കണക്കാക്കപ്പെടുന്നത്. പ്രത്യക്ഷമായും പരോക്ഷമായും വരുമ്പോൾ അത് ആയിരക്കണക്കിന് വർദ്ധിക്കാം. ഇതിൽ നല്ലൊരു ശതമാനം പ്രദേശവാസികൾക്കുവേണ്ടി സംവരണം ചെയ്യുമെന്നത് നേരത്തേതന്നെ ധാരണയായതാണ്.

ശ്രീ. എം. വിൻസെന്റ്: സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയെക്കുറിച്ച് സംസാരിക്കുമ്പോൾ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെ സ്മരിക്കാതെ കടന്നുപോകാൻ സാധിക്കില്ല. അദ്ദേഹത്തിന്റെ നിരന്തരമായ ശ്രമങ്ങളുടെ ഫലമായിട്ടാണ് ഈ പദ്ധതി യാഥാർത്ഥ്യമായിട്ടുള്ളത്. 2019-ൽ പൂർത്തീകരിക്കാനാണ് അന്ന് വിഭാവനം ചെയ്തിരുന്നത്. എന്നാൽ 2024-ൽ പൂർത്തീകരണത്തിന്റെ അന്തിമഘട്ടത്തിൽ നിൽക്കുകയാണ്.

ഭൂഗർഭ റെയിൽപ്പാതയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചിരുന്നു. നേരത്തേ ഉപരിതലത്തിലൂടെയുള്ള റെയിൽപ്പാതയെ സംബന്ധിച്ചുള്ള പഠനങ്ങൾ നടത്തുകയും ഒരു എസ്റ്റിമേറ്റ് കണക്കാക്കുകയും ചെയ്തിട്ടുണ്ട്. ഉപരിതല റെയിൽവേയുടെ എസ്റ്റിമേറ്റിനെക്കാൾ അധികരിച്ച തുകയാണ് ഭൂഗർഭ റെയിൽവേയ്ക്ക് വേണ്ടിവരുന്നത്. എന്തുകൊണ്ടാണ് ഉപരിതല റെയിൽവേ ഉപേക്ഷിച്ചുകൊണ്ട് ഭൂഗർഗ റെയിൽവേ സ്വീകരിക്കാൻ ഇടയായത്; ഭൂഗർഭ റെയിൽപ്പാത നിലവിൽ വന്നാലുണ്ടാകാവുന്ന പാരിസ്ഥിതിക ആഘാതത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; അതിനെക്കുറിച്ച് പബ്ലിക് ഹിയറിംഗ് നടത്തിയിട്ടാണോ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുള്ളത്?

ശ്രീ. വി. എൻ. വാസവൻ: സർ, പദ്ധതി സംബന്ധിച്ച് പാരിസ്ഥിതിക ആഘാത പഠനവും പബ്ലിക് ഹിയറിംഗും നടത്തിയിട്ടുണ്ട്. ചില ഉപാധികളോടുകൂടിയാണ് പ്രോജക്ടിനുള്ള അന്തിമ അനുമതി ലഭിച്ചിട്ടുള്ളത്.

ശ്രീ. കെ. വി. സുമേഷ്: സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി സംസ്ഥാനത്തിന്റെ ഭാവി വളർച്ചയിൽ വളരെ മൂല്യവത്തായ സംഭാവന നൽകാൻ പോകുന്ന ഒരു പദ്ധതിയാണ്. അതിനുവേണ്ടി ശക്തമായി ഇടപെടുന്ന മുഖ്യമന്ത്രിയെയും സർക്കാരിനെയും അഭിനന്ദിക്കുയാണ്. മലബാർ വളരെ പ്രതീക്ഷയോടെ നോക്കിക്കാണുന്ന ഒരു പദ്ധതിയാണ് മലബാർ ഗ്രീൻഫീൽഡ് ഇന്റർനാഷണൽ പോർട്ട്. പ്രസ്തുത പദ്ധതി ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കാൻ സാധിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, കേരള മാരിടൈം ബോർഡ് യോഗം ചേർന്ന് പ്രശ്നം ചർച്ച ചെയ്തിട്ടുണ്ട്. കേരളത്തിലെ മാരിടൈം ബോർഡിന്റെ കീഴിൽ 17 തുറമുഖങ്ങളുള്ളതിൽ 4 എണ്ണം പ്രവർത്തനസജ്ജമാക്കി മുന്നോട്ടുകൊണ്ടുപോകാൻ തീരുമാനമെടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ പദ്ധതിക്ക് പ്രത്യേക മുൻഗണന കൊടുത്തിട്ടുണ്ട്.

ശ്രീ. വി. ജോയി: സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി യാഥാർത്ഥ്യമാകുമെന്ന് എല്ലാവർക്കുമറിയാം. എന്നാൽ, നിർദ്ദിഷ്ട ഭൂഗർഭ പദ്ധതിയുമായി ബന്ധപ്പെട്ട് പലരും വ്യാപകമായ അസത്യങ്ങളും ആശങ്കകളും ജനങ്ങൾക്കിടയിൽ പരത്തുകയാണ്. ബാലരാമപുരത്തുനിന്ന് ആരംഭിച്ച് വിഴിഞ്ഞത്ത് ഒരു ചെറിയ ഹാർബറിലാണ് ഭൂഗർഭപാത അവസാനിക്കുന്നത്. പദ്ധതി വരുന്നതോടുകൂടി ഹാർബർതന്നെ ഇല്ലാതാകുന്നുവെന്ന വലിയ ആശങ്ക, പദ്ധതി നടത്തിപ്പുകാരെന്ന് അവകാശപ്പെടുന്നവർതന്നെ രഹസ്യമായി പറയുകയാണ്. എന്താണ് ഇതിന്റെ പൂർണ്ണമായ വസ്തുത; ഹാർബർ പൂർണ്ണമായും നശിച്ചുപോകുമോ; അത് നിലനിർത്താനുള്ള സംവിധാനം തുടർന്ന് ഉണ്ടാകുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, പദ്ധതി നടക്കാതിരിക്കാൻ പലവിധത്തിലുള്ള അപവാദപ്രചരണങ്ങളും ദുഷ്പ്രചരണങ്ങളുമെല്ലാം നടത്തിയെങ്കിലും ഒന്നും രണ്ടും പിണറായി സർക്കാർ യാതൊരു വിട്ടുവീഴ്ചയുമില്ലാതെ പദ്ധതി ത്വരിതഗതിയിൽ നടപ്പാക്കാനുള്ള പരിശ്രമങ്ങളുമായിട്ടാണ് മുന്നോട്ടുപോകുന്നത്. 2024-ൽത്തന്നെ പദ്ധതി കമ്മിഷൻ ചെയ്യുമെന്ന് സഭയ്ക്ക് ഉറപ്പുനൽകുകയാണ്. ഹാർബർ സ്ഥിതി ചെയ്യുന്ന

സ്ഥലത്ത് ഭൂഗർഭപാത വന്നാൽ തൊഴിൽ നഷ്ടപ്പെടുമെന്ന അപവാദപ്രചരണം അടിസ്ഥാനരഹിതമാണ്. കൂടാതെ, ഫിഷ് ലാൻഡിംഗ് സെന്റർ വീണ്ടും സാധ്യമാക്കുന്നതിനുള്ള ചർച്ചകളും നടന്നുവരികയാണ്. ഇന്ന് ഉച്ചയ്ക്കുശേഷം പദ്ധതിയുടെ അന്തിമരൂപം നൽകുന്നതാണ്.

ശ്രീ. ഡി. കെ. മുരളി: സർ, വിഴിഞ്ഞം പോർട്ടുമായി ബന്ധപ്പെട്ട് ഔട്ടർ റിംഗ് റോഡിന്റെ അക്വിസിഷൻ നടപടികളെല്ലാം നടത്തി മുന്നോട്ടുപോകുകയാണ്. സർവ്വീസ് റോഡിന് ആവശ്യമായ തുക കേന്ദ്ര ഗവൺമെന്റ് നൽകുകയില്ലെന്ന സമീപനമെടുത്തതായി വാർത്തയുണ്ട്. ഇത്തരത്തിൽ എന്തെങ്കിലും നടപടിയുണ്ടോ; ഔട്ടർ റിംഗ് റോഡ് അക്വിസിഷനും അതിന്റെ പൂർത്തീകരണവും സംബന്ധിച്ചുള്ള നിജസ്ഥിതിയെന്താണെന്ന് വിശദീകരിക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇപ്പോൾ 1.7 കി.മീ. നീളമുള്ളൊരു അപ്രോച്ച് റോഡിന്റെ പണി അതിന്റെ അന്തിമഘട്ടത്തിലാണ്. കേന്ദ്രഗവൺമെന്റിൽ നിന്ന് കിട്ടേണ്ടത് VGF ആണ്. അത് സ്വായത്തമാക്കാൻ വേണ്ടിയുള്ള കരാറിലേയ്ക്ക് ഏർപ്പെടുകയാണ്. ഇതുസംബന്ധിച്ച ആർബിട്രേഷൻ

കേസുകളൊക്കെ വിത്ത്ഡ്രോ ചെയ്തിരുന്നു. ആ ഫണ്ട് ലഭ്യമാക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## കോളേജ് ക്യാമ്പസുകളിൽ ഇൻഡസ്ട്രിയൽ പാർക്കുകൾ

2 (*32) ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് ക്യാമ്പസുകളിൽ ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ടോ; എങ്കിൽ അതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത പാർക്കുകൾ സ്ഥാപിക്കുന്നതിന് ഏത് വിധത്തിൽ മുതൽമുടക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) അത്തരം പാർക്കുകളിൽ ഏതൊക്കെ തരം ഉല്പന്നങ്ങൾക്കാണ് മുൻഗണന നൽകാൻ ലക്ഷ്യമിടുന്നതെന്ന് അറിയിക്കാമോ;

(ഡി) ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുന്നതിന് സ്വകാര്യമേഖലയിലെ കോളേജുകളെയും ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; പാർക്കുകൾക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ നല്കുന്നതിനാണ് ലക്ഷ്യമിടുന്നത്; വിശദാംശം അറിയിക്കാമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

(എ) ഉണ്ട്; കോളേജ് ക്യാമ്പസുകളിൽ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ മാർഗ്ഗരേഖ 29-02-2024-ലെ സ.ഉ. (കൈ) നം. 16/2024/ID സർക്കാർ ഉത്തരവ് പ്രകാരം നിലവിൽ വന്നിട്ടുണ്ട്. വ്യാവസായിക ആവശ്യത്തിനായി സ്ഥലലഭ്യതയുടെ കുറവ് പരിഹരിക്കുന്നതിനായി സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള, ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉപയുക്തമാക്കി ക്യാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതുവഴി വിദ്യാർത്ഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്തുവാനും വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുവാനും കഴിയുന്നതാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സർക്കാർ

ആവിഷ്ക്കരിച്ചിരിക്കുന്ന നവീന പദ്ധതിയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണപ്രവർത്തനങ്ങളിലൂടെ പുതിയതായി കണ്ടെത്തുന്ന ഉത്പന്നങ്ങളുടെ വ്യാവസായിക ഉത്പാദനം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള ഒരു സംവിധാനം ഇതിലൂടെ ആവിഷ്ക്കരിക്കുന്നതിന് കഴിയുന്നതാണ്. ക്യാമ്പസ് വ്യവസായ പാർക്കുകളുടെ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ/അധ്യാപകരെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും നിരാക്ഷേപ സാക്ഷ്യപത്രം നൽകുന്നത് സംബന്ധിച്ചും വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഈ സംരംഭം പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് അപ്രന്റിസ്ഷിപ്പിനുള്ള അവസരം നൽകി അവർക്ക് സ്വന്തമായി സംരംഭം തുടങ്ങുന്നതിന് പ്രാപ്തരാക്കുന്നതാണ്.

(ബി) ക്യാമ്പസ് വ്യവസായ പാർക്കിലെ പൊതുസൗകര്യങ്ങളായ റോഡ്, വൈദ്യുതി, ഡ്രെയിനേജ്, ETP/CETP, laboratory, testing and certification facilities എന്നിവ ഒരുക്കുന്നതിന് ഡെവലപ്പർ ആയിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനത്തിന് ഏക്കറിന് 20 ലക്ഷം രൂപ നിരക്കിൽ പരമാവധി 1.5 കോടി

രൂപ വരെ ഓരോ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനും സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കുന്നതിന് കെട്ടിട നിർമ്മാണം ഉൾപ്പെടെ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി 1.5 കോടി രൂപ വരെയും സർക്കാർ ധനസഹായം നൽകുന്നതാണ്. എസ്റ്റേറ്റുകളിലെ അടിസ്ഥാന സൗകര്യവികസനം പൂർത്തിയാക്കുന്ന മുറയ്ക്ക് റീ-ഇമ്പേഴ്സ്മെന്റ് ആയിട്ടാണ് തുക അനുവദിക്കുന്നത്.

(സി) ക്യാമ്പസ് പാർക്ക് ഭൂമിയുടെ ഉടമസ്ഥതയുള്ള വിദ്യാഭ്യാസ സ്ഥാപനത്തിലെ ട്രേഡ്/ബ്രാഞ്ച്/കോർ സബ്ജക്ട് എന്നിവയുമായി ബന്ധമുള്ള ഉൽപ്പന്നങ്ങൾക്കാണ് മുൻഗണന നൽകുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളിലൂടെ പുതിയതായി കണ്ടെത്തുന്ന ഉൽപ്പന്നങ്ങളുടെ വ്യാവസായിക ഉത്പാദനം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള ഒരു സംവിധാനം ഇതിലൂടെ ആവിഷ്കരിക്കുന്നതിനും കഴിയുന്നതാണ്. പ്രസ്തുത എസ്റ്റേറ്റുകളിൽ റെഡ് കാറ്റഗറി ഒഴികെയുള്ള വ്യവസായങ്ങൾക്ക് സ്ഥലം അനുവദിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) സർക്കാർ, സ്വകാര്യ മേഖലാ വേർതിരിവില്ലാതെയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നത്.

ക്യാമ്പസ് വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർ പെർമിറ്റ് അനുമതി ലഭിക്കുന്ന വ്യവസായ ഭൂമിക്ക് കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്, ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യ ഡെവലപ്മെന്റ് ആക്റ്റ് 1999-ന്റെ പരിധിയിൽ വരുന്ന മുഴുവൻ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കും. ഡെവലപ്പർ പെർമിറ്റിന്റെ കാലാവധി 30 വർഷമാണ്. ക്യാമ്പസ് വ്യവസായ പാർക്കിലെ പൊതുസൗകര്യങ്ങളായ റോഡ്, വൈദ്യുതി, ഡ്രെയിനേജ്, ETP/CETP, laboratory, testing and certification facilities എന്നിവ ഒരുക്കുന്നതിന് ഡെവലപ്പർ ആയിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനത്തിന് ഏക്കറിന് 20 ലക്ഷം രൂപ നിരക്കിൽ പരമാവധി 1.5 കോടി രൂപ വരെ ഓരോ എസ്റ്റേറ്റിനും സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കുന്നതിന് കെട്ടിട നിർമ്മാണം ഉൾപ്പടെ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് 1.5 കോടി രൂപ വരെയും സർക്കാർ ധനസഹായം നൽകുന്നതാണ്. എസ്റ്റേറ്റുകളിലെ അടിസ്ഥാന സൗകര്യ വികസനം പൂർത്തിയാക്കുന്ന മുറയ്ക്ക് റീ-ഇമ്പേഴ്സ്മെന്റ് ആയിട്ടാണ് തുക അനുവദിക്കുന്നത്.

ഡോ. എൻ. ജയരാജ്: സർ, റിയൽ ടൈം ഇൻഡസ്ലിയിലെ കുട്ടികൾക്ക് പരിശീലനം നൽകാനും പുറത്തേയ്ക്കുള്ള മൈഗ്രേഷൻ ഒരു പരിധിവരെ തടയാനും ഇൻഡസ്ലിയൽ മാനേജ്മെന്റിൽ അവർക്ക് കൂടുതൽ പ്രാവീണ്യം നേടാനും അവരുടെ പഠനകാലത്തുതന്നെ തയ്യാറാക്കുന്ന ഈ പദ്ധതിയെ വളരെ ആത്മാർത്ഥമായി അഭിനന്ദിക്കുകയാണ്. ഒരു പക്ഷേ കേരളത്തിൽ മാത്രമല്ല നമ്മുടെ ഇന്ത്യയിൽതന്നെ ആദ്യമായിട്ടായിരിക്കും ഒരു ഇൻഡസ്ലിയൽ പാർക്ക് ഇത്തരം രീതിയിൽ ക്യാമ്പസുകളിൽ വരുന്നത്. ഇതുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് ആശങ്കകൾ നിലവിലുണ്ട്. ഒന്ന്, സിംഗിൾ വിൻഡോ സംവിധാനം രൂപപ്പെടുത്തുന്നുവെന്ന് അങ്ങ് പറഞ്ഞു. എത്ര സ്ഥാപനങ്ങൾ ഇതുമായി ബന്ധപ്പെട്ട് ഗവൺമെന്റിനെ സമീപിച്ചിട്ടുണ്ട്; അങ്ങനെ സമീപിച്ച സ്ഥാപനങ്ങളിൽ ഗവൺമെന്റ് ഇടപെടൽ എത്രമാത്രമുണ്ടാകും; ക്യാമ്പസുകളിൽ പുറത്തുനിന്നുള്ള എംപ്ലോയ്മെന്റ് സ്വാഭാവികമായും വേണ്ടിവരുന്നതിനാൽ ആ സമയങ്ങളിൽ അവരുടെ ടേംസ് ആൻഡ് കണ്ടീഷൻസ് എങ്ങനെയായിരിക്കും? രണ്ട്, റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ലാൻഡ് കൺവേർഷനുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ സ്വാഭാവികമായി ഉണ്ടാകും. അത്തരം വിഷയങ്ങളിൽ എങ്ങനെ

ഇടപെടാൻ കഴിയും? ക്യാമ്പസിനകത്ത് ആവശ്യമായ ലാൻഡിന് നിലവിൽ മാനദണ്ഡങ്ങളുണ്ട്. അത് കഴിഞ്ഞുള്ള സ്ഥലം മാത്രമെ എടുക്കാൻ സാധിക്കുകയുള്ളൂ. സ്വാഭാവികമായും പല സ്ഥാപനങ്ങൾക്കും ഇത്തരം മാനദണ്ഡങ്ങൾ മറികടക്കേണ്ടി വരും. ഇക്കാര്യത്തിൽ എന്ത് നടപടി ഗവൺമെന്റിന് സ്വീകരിക്കാൻ കഴിയും? ഇക്കാര്യത്തിൽ കുറേക്കൂടി വ്യക്തത വരുത്തേണ്ടതാണ്.

<u>ശ്രീ. പി. രാജീവ്</u>: സർ, ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് നൂതനമായ ആശയമാണ്. രണ്ട് ലക്ഷ്യമാണ് ഇതിലൂടെ സാക്ഷാത്കരിക്കാൻ ശ്രമിക്കുന്നത്. ഒന്ന്, കേരളത്തിൽ വ്യവസായങ്ങൾക്ക് ഭൂമി ലഭ്യത വളരെ കുറവാണ്. വ്യവസായ ആവശ്യങ്ങൾക്ക് നിയമപ്രകാരം വിനിയോഗിക്കാൻ കഴിയുന്ന ഭൂമിയെല്ലാം ഉപയോഗിക്കണമെന്നുതന്നെയാണ് സർക്കാർ കരുതുന്നത്. രണ്ട്, പണ്ടുകാലത്ത് കുട്ടികൾ സർവ്വകലാശാല നോക്കിയാണ് വിദേശത്ത് പഠിക്കാൻ പോയിരുന്നതെങ്കിൽ ഇന്ന് രാജ്യങ്ങൾ നോക്കിയാണ് പഠിക്കാൻ പോകുന്നത്. അവിടുത്തെ കോഴ്സിന്റെ ഘടനയേക്കാൾ പാർട്ട് ടൈം ജോലി ലഭിക്കുമോയെന്നാണ് അവർ അന്വേഷിക്കുന്നത്. ഇവിടെ പഠിക്കുന്നതോടൊപ്പം

ഇവിടെത്തന്നെ ജോലിക്കുകൂടി സാധ്യതയുണ്ടെങ്കിൽ അത് നമ്മുടെ കുട്ടികളെ ഇവിടെ നിലനിർത്താൻ സഹായിക്കുന്നതാണ്. ഈ രണ്ട് ലക്ഷ്യമാണ് വ്യവസായ വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പും ചേർന്ന് ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ഉദ്ദേശിക്കുന്നത്. അങ്ങ് പറഞ്ഞതുപോലെ, വിദ്യാഭ്യാസ സ്ഥാപനം നടത്തുന്നതിന് AICTE/UGC/മെഡിക്കൽ കൗൺസിൽ എന്നീ സംവിധാനങ്ങളുടെ മാർഗ്ഗനിർദ്ദേശക തത്വങ്ങളും റെഗുലേഷനുകളും അനുസരിച്ച് എത്ര സ്ഥലം ആ സ്ഥാപനത്തിന് ആവശ്യമായി വരുമോ ആ സ്ഥലം കഴിഞ്ഞ് ബാക്കി സ്ഥലമുണ്ടെങ്കിൽ മാത്രമെ ഇൻഡസ്ട്രിയൽ പാർക്കിന് അനുമതി നൽകാൻ കഴിയുകയുള്ളൂ. അങ്ങനെ നൽകുമ്പോൾ അങ്ങ് പറഞ്ഞപോലെ ഇൻഡസ്ട്രിയൽ ഏരിയയായി അത് മാറ്റാനും കഴിയും, സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡുമുണ്ടായിരിക്കും. ഇപ്പോൾത്തന്നെ എൺപതിലധികം കോളേജുകൾ അതിനായി താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ വകുപ്പ് NOC നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശക തത്വങ്ങൾക്കുള്ള അവസാന രൂപം നൽകിക്കൊണ്ടിരിക്കുകയാണ്. അത് ലഭിക്കുന്നതോടുകൂടി ഓപ്പണായിട്ടും ട്രാൻസ്പരന്റായിട്ടുമുള്ള പ്രോസസ്സിലൂടെ അംഗീകാരം നൽകാൻ കഴിയും. നല്ല

മാറ്റമുണ്ടാക്കാൻ കഴിയുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്. വിദ്യാർത്ഥികൾക്ക് പഠിക്കുന്ന കോഴ്സിനകത്ത് ഇവിടെ ജോലി ചെയ്യാനും കഴിയും, ഒപ്പംതന്നെ വ്യവസായശാലകളും ആരംഭിക്കാൻ കഴിയുന്നതാണ്.

ഡോ. എൻ. ജയരാജ്: സർ, റൂറൽ ടെക്നോളജി കുറേക്കൂടി ബൂസ്റ്റ് ചെയ്യാൻ കഴിയുന്ന രീതിയിൽ കാഞ്ഞിരപ്പള്ളി അമൽജ്യോതി കോളേജിൽ പല യൂണിറ്റുകളുമായി ബന്ധപ്പെട്ട് ക്ലസ്റ്റർ സംവിധാനം പോലെ, ഫുഡ് ടെക്നോളജിയുമായി ബന്ധപ്പെട്ട് ചെറിയ ആശയങ്ങൾ അവിടെ രൂപപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ പല സ്ഥാപനങ്ങൾ ഒരുമിച്ച് ഒരു ക്ലസ്റ്ററായി രൂപപ്പെടുമ്പോൾ, ലാബ് ടെസ്റ്റിംഗ് ഉൾപ്പെടെയുള്ള കോമൺ ഫെസിലിറ്റി സെന്ററുകൾ അവിടെയില്ല എന്നതാണ് ഇവർക്കുണ്ടാകുന്ന പ്രധാന പ്രശ്നം. ഇക്കാര്യത്തിൽ ഗവൺമെന്റിന് സപ്പോർട്ട് ചെയ്യാൻ കഴിയുമോ എന്നുള്ളതാണ് പ്രധാന ചോദ്യം, കൂടാതെ എന്റെ നിയോജകമണ്ഡലത്തിലെ പള്ളിക്കത്തോട് ഐ.ടി.ഐ.-യ്ക്ക് 12 ഏക്കർ സ്ഥലമുണ്ട്. ഐ.ടി.ഐ. ഉൾപ്പെടെയുള്ള സ്ഥാപനങ്ങളെക്കൂടി ഇതിന്റെ കീഴിലേയ്ക്ക് കൊണ്ടുവരാനുള്ള ശ്രമമുണ്ടാകുമോയെന്ന് വിശദമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, ഇവിടെ പറഞ്ഞ കോമൺ ഫെസിലിറ്റി സെന്റർ പോലെയുള്ളവയ്ക്കുള്ള സാമ്പത്തിക സഹായം ഗവൺമെന്റ് ഈ പദ്ധതിയുടെ ഭാഗമായിത്തന്നെ നൽകുന്നുണ്ട്. അമൽജ്യോതി കോളേജ് നല്ല രീതിയിൽ പ്രവർത്തിക്കുന്ന കോളേജാണ്, അവരും സമീപിച്ചിരുന്നു. ഓപ്പണായിട്ടൊരു വെബ്പോർട്ടൽ വന്ന് അതിലൂടെ അപേക്ഷിച്ച് ട്രാൻസ്പരന്റായിട്ടുള്ള പ്രോസസ്സിലൂടെയായിരിക്കും അംഗീകാരം നൽകുന്നത്. ക്ലസ്റ്റർ സംവിധാനത്തിന് പ്രത്യേകമായ സ്കീമുകളുണ്ട്. ആ ഘട്ടത്തിൽ ഇത്തരത്തിലുള്ള സംവിധാനത്തെയും ഉപയോഗപ്പെടുത്താൻ കഴിയുന്നതാണ്. ക്യാമ്പസുകൾക്ക് അകത്തുള്ളതോ അല്ലെങ്കിൽ ഹയർ എഡ്യൂക്കേഷന്റെ റിസർച്ച് ഔട്ട്പുട്ടിന്റെ ഇൻഡസ്ട്രിയൽ ആയിട്ടുള്ള പ്രൊഡക്ഷൻ, അവിടെത്തന്നെയുള്ള ഫാക്കൽറ്റിയുടെ പ്രോജക്ടുമായി ബന്ധപ്പെട്ടുള്ള ഇൻഡസ്ട്രിയൽ ആപ്ലിക്കേഷൻ, അലുമിനിയായിട്ടുള്ള ആളുകളുടെ ഇൻഡസ്ട്രിയൽ ആയിട്ടുള്ള യൂണിറ്റുകൾ, പൊതുവായിട്ടുള്ള യൂണിറ്റുകൾ എന്നിങ്ങനെ നാല് കാറ്റഗറിയായിട്ടാണ് റൂറൽ ടെക്നോളജി എന്നുള്ളതിന് പ്രയോരിറ്റി നൽകുന്നത്. സ്ഥാപനത്തിന് അംഗീകാരം നൽകിക്കഴിഞ്ഞാൽ അതിന്റെ മറ്റ് കാര്യങ്ങളിലൊന്നും

ഗവൺമെന്റ് ഇടപെടുന്നതല്ല. അവർക്ക് പൂർണ്ണമായിട്ടും പൊതുവായിട്ടുള്ള മാർഗ്ഗനിർദ്ദേശക തത്വങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്.

ശ്രീ. ജോബ് മൈക്കിൾ: സർ, 5 ഏക്കർ ഭൂമി കൈവശമുള്ള സർവ്വകലാശാലകൾ, ആർട്സ് ആൻഡ് സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.എം. തുടങ്ങിയ സ്ഥാപനങ്ങളിൽ മാത്രമേ വ്യവസായ പാർക്ക് ആരംഭിക്കാൻ സാധ്യമാകു എന്നുള്ള മാനദണ്ഡമുണ്ട്. ആ മാനദണ്ഡത്തിൽ എന്തെങ്കിലും ഇളവ് അനുവദിക്കുമോ? കേരളത്തിൽ വർഷങ്ങൾ പഴക്കമുള്ള തിളക്കമാർന്ന കോളേജുകളുണ്ട്. അവിടെയൊക്കെ 5 ഏക്കർ വസ്തു ഇക്കാര്യത്തിനായി മാറ്റിവയ്ക്കുകയെന്ന് പറഞ്ഞാൽ പ്രാക്ടിക്കലായി ചില ബുദ്ധിമുട്ടുകളുണ്ട്. ചങ്ങനാശ്ശേരി സെന്റ് ബെർച്മാൻസ് കോളേജ്, എൻ.എസ്.എസ്. കോളേജ്, അസംപ്ഷൻ കോളേജ് തുടങ്ങി ധാരാളം കോളേജുകളുണ്ട്. ഇവയൊക്കെ നൂറിലേറെ വർഷം പഴക്കമുള്ള കോളേജുകളാണ്. പക്ഷേ, 5 ഏക്കറിൽ കൂടുതൽ

സ്ഥലം ഇതിനായി നീക്കിവയ്ക്കണമെന്നുള്ള മാനദണ്ഡം ലഘൂകരിക്കാനായി എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ഉന്നത വിദ്യാഭ്യാസ സ്ഥാപനം നടത്തുന്നതിന് ദേശീയ തലത്തിലുള്ള റെഗുലേറ്ററുകളുടെ കൃത്യമായ മാനദണ്ഡങ്ങളുണ്ട്. ആ മാനദണ്ഡം വിദ്യാഭ്യാസ സ്ഥാപനത്തിനില്ലെങ്കിൽ അത് അവരുടെ അംഗീകാരത്തെ ബാധിക്കുന്നതാണ്. അത് പൂർണ്ണമായും ഉന്നതവിദ്യാഭ്യാസ വകുപ്പ് പറയുന്ന രൂപത്തിലായിരിക്കും. അത് കഴിഞ്ഞിട്ട് 5 ഏക്കറിൽ കൂടുതലുണ്ടോ, അതിലാണ് എൺപതിലധികം സ്ഥാപനങ്ങൾ ഇപ്പോൾ അപേക്ഷയുമായി വന്നിട്ടുള്ളത്. ഔപചാരികമായി അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള സമയമാകുന്നതേയുള്ളൂ. എന്നാൽ ഉന്നത വിദ്യാഭ്യാസ വകുപ്പുതന്നെ വളരെ നൂതനമായ ആശയങ്ങൾ ഇപ്പോൾ നടപ്പിലാക്കുന്നുണ്ട്. സ്റ്റാർട്ടപ്പുകൾ, ഇൻകുബേറ്റേഴ്സ്, ആക്സിലറേറ്റുകൾ ഇവയെല്ലാംതന്നെ എല്ലാ യൂണിവേഴ്സിറ്റികളിലും കോളേജുകളിലും അത് നടപ്പിലാക്കുന്നതിനുള്ള പ്രത്യേക സംവിധാനമുണ്ട്. വ്യവസായ വകുപ്പും സ്റ്റാർട്ടപ്പ് മിഷനും അതുമായി

സഹകരിക്കുന്നുണ്ട്. അത്തരം സ്ഥലമില്ലാത്ത സ്ഥാപനങ്ങൾക്ക് സ്റ്റാർട്ടപ്പുകൾക്കാവശ്യമായ പ്രോത്സാഹനങ്ങൾ നൽകാൻ സാധിക്കും.

ശ്രീ. പ്രമോദ് നാരായൺ: സർ, അക്കാദമിക വ്യാവസായിക സഹകരണത്തിലും സമന്വയത്തിലും രാജ്യത്തിന് മുമ്പിൽ മാർഗ്ഗ താരക മാതൃകയായി ആശയം സൃഷ്ടിച്ച വ്യവസായ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. ഐ.ടി. ഉൾപ്പെടെയുള്ള എല്ലാ മേഖലകളിലും സവിശേഷമായ സൊല്യൂഷനുകളും ഇന്നൊവേഷനുകളും രൂപപ്പെടുത്തുന്നതിലെ ഏറ്റവും പ്രധാനപ്പെട്ട പ്രക്രിയയും ഘട്ടവുമാണ് ഡിസൈൻ തിങ്കിംഗ്. ക്യാമ്പസുകളിൽനിന്നും സാധ്യതകളുടെയും പുതിയ ആശയങ്ങളുടെയും മഹാലോകം സൃഷ്ടിക്കാൻ കഴിയുന്ന ഡിസൈൻ തിങ്കിംഗ് സ്റ്റുഡിയോസ് ആഗോള പ്രശസ്തിയുള്ള സ്ഥാപനങ്ങളുടെയും വൈദഗ്ധ്യമുള്ള സർവ്വകലാശാലകളുടെയും സഹകരണത്തോടെ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കിന്റെ ഭാഗമാക്കി ഇൻഡസ്ട്രിയുടെ ആവശ്യത്തിനുസരിച്ചുള്ള ഉൽപ്പന്നങ്ങളും സൊല്യൂഷൻസും രൂപപ്പെടുത്താൻ മുൻകയ്യെടുക്കുമോ ?

ശ്രീ. പി. രാജീവ്: സർ, നമ്മുടെ വ്യവസായ നയത്തിന്റെയൊരു പ്രത്യേകത, കേരളത്തിന്റെ പരിമിതിയും സാധ്യതയും വസ്തുനിഷ്ഠമായി പരിശോധിച്ചിട്ടുള്ളൊരു നയമാണ്. നമുക്ക് വലിയ വ്യവസായങ്ങളോ പൊല്യൂഷൻ ഉണ്ടാകുന്ന വ്യവസായങ്ങളോ സാധ്യമാകില്ല. 10-15 വർഷംകൊണ്ട് കേരളത്തെ ഒരു ഹൈടെക് മാനുഫാക്ച്ചറിംഗിന്റെ ലോകോത്തര ഹബ്ബാക്കി മാറ്റാൻ കഴിയുന്നതാണ്. അതിന് സാധിക്കുന്ന മാനവവിഭവശേഷി നമുക്കുണ്ട്. ഡിസൈൻ മേഖലയിൽ ലോകത്തിൽ വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ആയിരക്കണക്കിന് മലയാളി പ്രൊഫഷണലുകളുമായി ആശയവിനിമയം നടത്തുകയുണ്ടായി. ഇറ്റലിയിലെ ഒരു സ്ഥാപനം, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനുകൂടി അറിയാവുന്ന ആലങ്ങാട്... ഇറ്റലിയിലെ ഒരു ഹോളോഗ്രാം സംവിധാനം, സ്പേസ് ക്യുമുലേറ്റർ ഒക്കെയുള്ളൊരു സംവിധാനം; അവർതന്നെ പരിശോധനയൊക്കെ നടത്തി സ്ഥലം കണ്ടെത്തി ആരംഭിച്ചിട്ടുണ്ട്. അതിന് ഇവിടെ നല്ല സാധ്യതയുണ്ട്. കോളേജുകൾക്കകത്തെ കോഴ്സുകളും അതിനനുസരിച്ചുള്ള പുന:സംഘടന നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. അക്കാദമികമായ സ്ഥാപനങ്ങളും വ്യവസായ

സ്ഥാപനങ്ങളും തമ്മിലുള്ളൊരു ബന്ധം ശക്തിപ്പെടുത്തുക, ആ ഗ്യാപ്പ് ഇല്ലാതാക്കുക എന്നതാണ് സർക്കാരിന്റെ നയം. അതിന് കുറേക്കൂടി സഹായിക്കുന്നതാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് എന്നാണ് സർക്കാർ കരുതുന്നത്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഇത്തരമൊരു കാലഘട്ടത്തിനനുസൃതമായ കാഴ്ചപ്പാട് മുന്നോട്ടുവച്ചതിന് പ്രത്യേകമായി അഭിനന്ദിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജ് 25 ഏക്കർ ക്യാമ്പസാണ്. അതിൽ കഷ്ടിച്ച് 5 ഏക്കർ സ്ഥലമാണ് ഉപയോഗത്തിലുള്ളത്. ബാക്കി ഉപയോഗമില്ലാതെ കിടക്കുകയാണ്. അതിനെ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതിയിലുൾപ്പെടുത്തി ഒരു ഇൻഡസ്ട്രിയൽ പാർക്ക് അനുവദിക്കുമോ; അതുപോലെ അവിടെയുള്ള എഞ്ചിനീയറിംഗ് ട്രേഡുകളുമായി ബന്ധപ്പെട്ടിട്ടുള്ള ഇൻഡസ്ട്രികൾക്ക് പ്രത്യേക പരിഗണകൂടി നൽകുമോ?

ശ്രീ. പി. രാജീവ്: സർ, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, അതിന് ഒരു വെബ്പോർട്ടൽ ഓപ്പൺ ചെയ്യുകയും ഉന്നതവിദ്യാഭ്യാസ വകുപ്പ് അതിന്റെ

എൻ.ഒ.സി. നൽകാനുള്ള വളരെ ഫ്ലക്സിബിളായിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുകയും ചെയ്യുന്നതാണ്. ഐ.എച്ച്.ആർ.ഡി. പോലുള്ള സ്ഥാപനങ്ങൾക്ക് പലയിടങ്ങളിലും സ്ഥലം ലഭ്യമാണ്. AICTE (All India Council for Technical Education) മാനദണ്ഡം അനുസരിച്ച് ആവശ്യമായ സ്ഥലത്തേക്കാൾ അഞ്ച് ഏക്കർ അധികമായിട്ടുണ്ടെങ്കിൽ നമുക്ക് ഈ അനുമതി നൽകാൻ കഴിയുന്നതാണ്. കോഴ്സുകളെ സംബന്ധിച്ച് സർക്കാരിന് rigid ആയിട്ടുള്ള സമീപനമില്ല. പൊതുവായ മാനദണ്ഡങ്ങൾ മാത്രമെ സർക്കാർ നിശ്ചയിക്കുന്നുള്ളൂ. ബാക്കി അതത് സ്ഥാപനങ്ങൾക്കുതന്നെ ഈ മാനദണ്ഡങ്ങൾക്കനുസരിച്ച് കോഴ്സുകൾ അനുവദിക്കുന്നതിനുള്ള പൂർണ്ണമായ ഫ്ലക്സിബിലിറ്റിയും സ്വാതന്ത്ര്യവും സർക്കാർ നൽകുന്നതായിരിക്കും.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, കോളേജുകളിൽ നാല് വർഷ ഡിഗ്രി കോഴ്സുകൾ ആരംഭിക്കുവാൻ പോകുന്ന ഈ സമയത്ത് ക്യാമ്പസുകളിൽ ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് അർത്ഥവത്തായ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ?

ശ്രീ. പി. രാജീവ്: സർ, ക്യാമ്പസുകളിലെ ഇൻഡസ്ട്രിയൽ പാർക്ക് എന്നുള്ളത് എല്ലാ തരത്തിലുള്ള അന്വേഷണങ്ങളുടെയും സ്റ്റേക്ക്ഹോൾഡേഴ്സുമായിട്ടുള്ള ചർച്ചകളുടെയും അടിസ്ഥാനത്തിൽ രൂപപ്പെട്ടുവന്ന ആശയമാണ്. അത് നല്ല രീതിയിലാണ് എല്ലായിടത്തും സ്വീകരിക്കപ്പെട്ടിട്ടുള്ളത്. കേരളത്തിൽ ഈ വർഷം നാല് വർഷ ഡിഗ്രി കോഴ്സ് നടപ്പിലാക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് വളരെ ശക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. അത്തരം കോഴ്സുകൾ വരുമ്പോൾ ഇതിന് കുറെക്കൂടി സാധ്യതവരും. നേരത്തെ കേരളത്തിലെ കുട്ടികൾക്ക് എവിടെ പഠിക്കാൻ പോകണമെന്ന് ചോദിച്ചാൽ ALA, Cambridge, Oxford, Harvard, MIT എന്നിങ്ങനെയാണ് പറഞ്ഞിരുന്നതെങ്കിൽ ഇപ്പോൾ യു.കെ., കാനഡ, ആസ്ട്രേലിയ എന്നാണ് പറയുന്നത്. കേരളത്തിലെ സ്ഥാപനത്തെക്കാൾ നിലവാരം കുറഞ്ഞ സ്ഥാപനത്തിലേയ്ക്കുവരെ നമ്മുടെ കുട്ടികൾ പഠിക്കാൻ പോകുന്നുണ്ട്. അതിന്റെ കാരണം പ്രധാനമായും പാർട്ട് ടൈം ജോലിക്കുവേണ്ടിയുള്ള ത്വരയാണ്. ഇവിടെ ഇത്തരം സംവിധാനം ഒരുക്കാൻ കഴിഞ്ഞാൽ കുട്ടികൾക്ക് പഠിക്കുകയും പഠിക്കുന്നതിനോടൊപ്പം ജോലിയും

ചെയ്യാം. നമ്മുടെ ആളുകളുടെ മൈൻഡ് സെറ്റിൽത്തന്നെ മാറ്റം വന്നിട്ടുണ്ട്. നേരത്തെ ഐ.ടി.ഐ.-യിൽ പഠിക്കുന്ന ഒരാൾ തൊട്ടടുത്തുള്ള വർക്ക്ഷോപ്പിൽ ജോലി ചെയ്യുന്നതുകണ്ടാൽ അയൽക്കാർക്കൊക്കെ വലിയ ആശങ്കയാണ്. ഈ ആശങ്കപ്പെടുന്നവരുടെ മക്കൾ ചിലപ്പോൾ വിദേശത്തെ ഏതെങ്കിലും ഹോട്ടലിൽ ജോലി ചെയ്തുകൊണ്ടിരിക്കുകയായിരിക്കും. എന്നാൽ ആ മാനോഭാവത്തിന് ഇപ്പോൾ മാറ്റം വന്നിട്ടുണ്ട്. പഠിക്കുന്നതിനോടൊപ്പംതന്നെ ജോലി ചെയ്യണമെന്നുള്ള കാഴ്ചപ്പാട് ശക്തിപ്പെട്ടിട്ടുണ്ട്. ഈ ആശയം നമുക്കെല്ലാവർക്കും നല്ല രീതിയിൽ നടപ്പിലാക്കാൻ കഴിഞ്ഞാൽ കേരളത്തിന്റെ ഭാവിയെ നിർണ്ണയിക്കുന്ന പ്രധാനപ്പെട്ട ഘട്ടമാക്കി മാറ്റാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, കാസർഗോഡ് എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജ് മികച്ച എഞ്ചിനീയറിംഗ് കോളേജാണ്. ഇപ്പോൾ അവിടത്തെ വിദ്യാർത്ഥികൾ വളരെ ഇന്നവേറ്റീവായിട്ടുള്ള ചില കണ്ടുപിടിത്തങ്ങളൊക്കെ നടത്തുന്നുണ്ട്. അവിടെ ആവശ്യത്തിന് ഭൂമി ലഭ്യമാണ്. ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ കാസർഗോഡ്

എൽ.ബി.എസ് എഞ്ചിനീയറിംഗ് കോളേജിൽ ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ഒരു പൈലറ്റ് പ്രോജക്ട് എന്ന രൂപത്തിൽ ആദ്യഘട്ടത്തിൽ 25 സ്ഥാപനങ്ങൾക്കെങ്കിലും ഈ വർഷം അനുമതി നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അത് ട്രാൻസ്പരന്റായിട്ടുള്ള ചലഞ്ച് എന്ന രൂപത്തിലായിരിക്കും. ഈ മാനദണ്ഡങ്ങൾക്കനുസരിച്ച് ആദ്യം വരുന്ന 25 സ്ഥാപനങ്ങൾക്ക് അനുമതി നൽകുകയെന്നുള്ളതാണ്. അതിനകത്ത് കാസർഗോഡ് എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജ് വരികയാണെങ്കിൽ ആ സ്ഥാപനത്തിന് എല്ലാ രൂപത്തിലുമുള്ള പരിഗണനയും നൽകുന്നതായിരിക്കും.

ശ്രീ. അനൂപ് ജേക്കബ്: സർ, ഇരുമ്പനം ട്രാക്കോ കേബിളിന് കഴിഞ്ഞ കാലങ്ങളിൽ ധാരാളം ഫണ്ട് ലഭിക്കുകയും ആ ഫണ്ട് വിനിയോഗിച്ചുകൊണ്ട് മെഷിനറികൾ വാങ്ങുകയും ചെയ്തു. ഇത്തരം മെഷിനറികൾ യാതൊരു പഠനവും നടത്താതെ വാങ്ങിയതെന്നാണ് ഞാൻ മനസ്സിലാക്കിയത്. അതിൽ ഭൂരിഭാഗവും തുരുമ്പെടുത്തിരിക്കുകയാണ്. ട്രാക്കോ കേബിളിന് ധാരാളം വർക്ക്

ഓർഡേഴ്സ് ലഭിക്കുന്നുണ്ട്. പക്ഷേ ഈ യൂണിറ്റിന് വർക്ക് ബോധപൂർവ്വം നൽകാതിരിക്കുകയാണ്. ഈ യൂണിറ്റിനെ സ്വാഭാവിക മരണത്തിലേയ്ക്ക് സർക്കാർ തള്ളിവിടുകയാണ്. ഈ യൂണിറ്റ് പുന:രുദ്ധരിക്കാനുള്ള അടിയന്തര നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുമായി ബന്ധപ്പെട്ട ചോദ്യമല്ലെങ്കിലും ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിലെ പ്രധാനപ്പെട്ട പ്രശ്നമാണ്. ട്രാക്കോ കേബിൾ ഏറെക്കാലമായി പല പ്രതിസന്ധികളും നേരിടുന്ന സ്ഥാപനമാണ്. ആ യൂണിറ്റിന് മാത്രമായി വർക്ക് ഓർഡർ കൊടുക്കാതിരിക്കാനുള്ള സമീപനമില്ല. തിരുവല്ല നിയോജകമണ്ഡലത്തിലെ ബഹുമാന്യനായ അംഗവും ഇവിടെയുണ്ട്. തിരുവല്ല യൂണിറ്റിന് സഹായം നൽകണമെന്ന് പറഞ്ഞ് അദ്ദേഹവും ആവശ്യപ്പെടുന്നുണ്ട്. ഇലക്ട്രിക്കൽ മേഖലയിലെ പൊതു വ്യവസായരംഗങ്ങൾ പ്രതിസന്ധി അഭിമുഖീകരിക്കുന്നുണ്ട്. അതിന്റെ പ്രധാനപ്പെട്ട കാരണം, കോവിഡ് കാലഘട്ടത്തിൽ റോ-മെറ്റീരിയലിന്റെ വില വർദ്ധിച്ചതിനാൽ സമയത്തിന് ഡെലിവറി ഉറപ്പുവരുത്താൻ കഴിഞ്ഞില്ല എന്നുള്ളതാണ്. എന്നാൽ പഴയ കോൺട്രാക്ട് അനുസരിച്ചുള്ള വ്യവസ്ഥകൾ പാലിക്കേണ്ടിവന്നതോടെ ഇലക്ട്രിക്കൽ

മേഖലയിലെ വ്യവസായങ്ങളെല്ലാം വലിയ പ്രതിസന്ധിയിലായി. എത്ര ഉൽപ്പാദനം നടത്തി ഡെലിവറി ചെയ്യുന്നുവോ അത്രയും നഷ്ടം വർദ്ധിക്കുകയെന്ന പ്രശ്നത്തിലേയ്ക്കും വന്നു. അതോടൊപ്പം കെ.എസ്.ഇ.ബി.-യും അവരും മത്സരാധിഷ്ഠിതമായ ടെണ്ടറിലേയ്ക്കുപോയി. പല സംസ്ഥാനങ്ങളും നമുക്ക് റേറ്റ് കോൺട്രാക്ട് നൽകുന്നുണ്ട്. ഒരു പൊതുമേഖലാ സ്ഥാപനം ലാഭകരമാക്കുകയെന്ന വ്യവസ്ഥയോടെ കെ.എസ്.ഇ.ബി.-യും അവരുടെ സമീപനത്തിൽ ചില മാറ്റങ്ങൾ വരുത്തി. ഇത് ട്രാക്കോ കേബിളിനെ വലിയ പ്രതിസന്ധിയിലേയ്ക്ക് എത്തിച്ചിട്ടുണ്ട്. ആ പ്രതിസന്ധിയിൽനിന്ന് കരകയറുന്നതിന് ഒരിക്കൽ ട്രേഡ് യൂണിയനുകളുമായി യോഗം ചേരുകയുണ്ടായി. തിരുവല്ലയിൽ രണ്ട് യൂണിറ്റുകളും ഇരുമ്പനത്ത് രണ്ട് യൂണിറ്റുകളും സംയോജിപ്പിച്ചുകൊണ്ടുള്ള പദ്ധതി തൽക്കാലത്തേയ്ക്ക് നടപ്പിലാക്കാനാണ് തീരുമാനിച്ചത്. പിണറായി യൂണിറ്റ് മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. അത്തരം ചില നിർദ്ദേശങ്ങളുണ്ട്. വലിയ പ്രതിസന്ധി ആ സ്ഥാപനം നേരിടുന്നുണ്ട്. അത് പരിഹരിക്കാനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതായിരിക്കും.

ഡോ. സുജിത് വിജയൻപിള്ള: സർ, ക്യാമ്പസ്സുകളിൽ സ്ഥലം കണ്ടെത്തുകയെന്നുള്ള ആശയമാണ് പറയുന്നത്. വടക്കേ ഇന്ത്യയിലൊക്കെ ടാറ്റ, ആനന്ദ് അടക്കമുള്ള സ്ഥാപനങ്ങളിലൊക്കെ അവരുടെ വ്യവസായശാലകളിൽ ക്യാമ്പസിനുവേണ്ടി സ്ഥലം മാറ്റിവയ്ക്കുന്നുണ്ട്. അവിടെ അവരുടെ ഇൻഡസ്ട്രിയൽ ടൈം കഴിയുമ്പോൾ ലൈവായിത്തന്നെ ക്ലാസ്സുകൾ നടക്കുന്നുണ്ട്. ആ രീതിയിലേയ്ക്ക് വ്യവസായശാലകളിൽ ക്യാമ്പസിനുവേണ്ടി അവരെ ഇൻവൈറ്റ് ചെയ്തുകൊണ്ട് വ്യാവസായശാലകൾ മുൻകയ്യെടുത്തുകൊണ്ട് ഇങ്ങനെയുള്ള നടപടികൾ മുന്നോട്ടുപോകുമോ; കെ.എം.എം.എൽ. (കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ്) അടക്കമുള്ള വ്യവസായ സ്ഥാപനങ്ങളിൽ ആവശ്യംപോലെ സ്ഥലമുണ്ട്. അത് ഇതിനായി വിനിയോഗിക്കാൻ സാധിക്കുമോ?

ശ്രീ. പി. രാജീവ്: സർ, നേരത്തെ സൂചിപ്പിച്ച അക്കാദമിക് ഇൻസ്റ്റിറ്റ്യൂഷനും ഹയർ എഡ്യൂക്കേഷൻ എസ്റ്റാബ്ലിഷ്മെന്റും ഇൻഡസ്ട്രിയൽ പാർക്കും തമ്മിലുള്ളൊരു ലിങ്ക് ശക്തിപ്പെടുത്താനാവശ്യമായ പലതരത്തിലുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. അതിലൊന്ന്, ഐ.ബി.എം.

പോലുള്ള സ്ഥാപനങ്ങളും മറ്റുപല സ്ഥാപനങ്ങളും ഒരാവശ്യം പറഞ്ഞത്, പെർമനന്റായി ആറുമാസത്തേയോ ഒരു വർഷത്തെയോ പെയ്ഡ് ഇന്റേൺഷിപ്പ് എഞ്ചിനീയറിംഗ് കോളേജിലെ കുട്ടികൾക്ക് കൊടുക്കണമെന്നുള്ളതാണ്. അതിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് തീരുമാനമെടുത്തിട്ടുണ്ട്. എല്ലാ സർവ്വകലാശാലകളും കുസാറ്റ്, ടെക്നിക്കൽ യൂണിവേഴ്സിറ്റിയുമൊക്കെ ഒരു വർഷത്തെ ഫുൾടൈം പേ ചെയ്യുന്ന ഇന്റേൺഷിപ്പ് കുട്ടികൾക്ക് കൊടുക്കുന്നുണ്ട്. അപ്പോൾ കുട്ടികൾക്ക് അവിടെ ജോലിയും ചെയ്യാം, വരുമാനവും ലഭിക്കും, ഒപ്പം ഓൺലൈനായി അവർക്ക് ക്ലാസ്സ് അറ്റൻഡ് ചെയ്യാനും സാധിക്കും. രണ്ട്, ഇൻഡസ്ട്രിയൽ യൂണിറ്റുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്ന രൂപത്തിലുള്ള സൊല്യൂഷനുകൾ നൽകാനായി ഹയർ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷന് കഴിയണം. അതിനാവശ്യമായ പ്രോജക്ടുകൾ വ്യവസായശാലകൾ ഹയർ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷന് നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതുവഴി അവരെ പ്രാപ്തമാക്കാൻ കഴിയും. അദ്ദേഹം ഇവിടെ സൂചിപ്പിച്ചതുപോലെ, ഓരോ സ്ഥാപനങ്ങളും ആ മേഖലയ്ക്കകത്തുള്ള പ്രത്യേകമായ നൈപുണി

വിദ്യാഭ്യാസത്തിന് കുറെക്കൂടി മെച്ചപ്പെടുത്തുന്ന രൂപത്തിൽ എങ്ങനെ ഉപയോഗിക്കാൻ കഴിയുമെന്ന കാര്യം ഇനിയും പരിശോധിക്കാവുന്നതാണ്.

ശ്രീ. നജീബ് കാന്തപുരം: സർ, നമ്മുടെ ക്യാമ്പസുകൾ ഇന്ന് വലിയ തോതിൽ ഇൻഡസ്ട്രിയൽ ഫ്രണ്ട്‍ലിയാക്കുവാനുള്ള ശ്രമം നടക്കുകയാണ്. ഇപ്പോൾ ധാരാളം വിദേശ രാജ്യങ്ങളുള്ള കമ്പനികൾക്ക് ഹ്യൂമൻ റിസോഴ്സ് വലിയതോതിൽ ആവശ്യമുള്ള ഘട്ടമാണ്. നമ്മുടെ ക്യാമ്പസുകളിൽ ഇൻഡസ്ട്രിയൽ പാർക്കുകൾ വരുന്നതോടൊപ്പം അതിന്റെ backend ഓഫീസുകളാക്കി മാറ്റുന്ന സംവിധാനമുണ്ടാക്കിയാൽ ഓരോ കമ്പനികൾക്കും ആവശ്യമായ സ്കിൽ സെറ്റുകൾ കൊടുത്ത് ആ കമ്പനികൾക്ക് ആവശ്യമായ backend ഓഫീസിന് ഒരു ക്യാമ്പസിനെ മാത്രം സെലക്ട് ചെയ്യുകയാണെങ്കിൽ വലിയതോതിൽ ജോബ് ജനറേറ്റ് ചെയ്യാൻ സാധിക്കുമെന്നത് മാത്രമല്ല, ഇത് വലിയ മൈഗ്രേഷനെ തടയുകയും ചെയ്യും. ഇത്തരത്തിലുള്ള സാധ്യതയെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോ; അങ്ങനെ backend ഓഫീസുകളാക്കി നമ്മുടെ ക്യാമ്പസുകളെ മാറ്റാനുള്ള ഏതെങ്കിലും തരത്തിലുള്ള ആലോചനയുണ്ടോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് നല്ലൊരു നിർദ്ദേശമാണ്. അദ്ദേഹത്തിന്റെ മണ്ഡലത്തിലും ചില നവീനമായ പരീക്ഷണങ്ങൾ വ്യവസായ വകുപ്പുമായി ചേർന്ന് നടത്തുകയുണ്ടായി. പുതുതായിട്ടുള്ള പല സംവിധാനങ്ങളും നമ്മുടെ നാട്ടിൽ വന്നുകൊണ്ടിരിക്കുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനം ഗ്ലോബൽ ക്യാപബിലിറ്റി സെന്റർ, ജി.സി.സി. എന്നിവയാണ്. ഇത് നേരത്തെ ഔട്ട് സോഴ്സിംഗ് ആയിരുന്നു. ഔട്ട്സോഴ്സിംഗ് ആകുമ്പോൾ വിദേശത്തുള്ള കമ്പനിയുടെ ബാക്ക് ഓഫീസ് വേറെ ഏതെങ്കിലും സ്ഥാപനത്തിൽ ഔട്ട് സോഴ്സ് ചെയ്യുകയാണ്. ജി.സി.സി. എന്നുള്ളത് ആ സ്ഥാപനംതന്നെ പൂർണ്ണമായി ഇവിടെ സൗകര്യമുണ്ടാക്കുകയാണ്. അതായത് അതിന്റെ കെട്ടിടമുൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും ഇവിടെയായിരിക്കും. ബാക്ക് ഓഫീസ് എന്നുള്ളത് മാറി ജി.സി.സി.-ലേയ്ക്ക് മാറുകയാണ്. ലോകത്തിന്റെ പ്രധാനപ്പെട്ട ഭാഗമായി ഇന്ത്യ ജി.സി.സി.-യിൽ വരുന്നുണ്ട്. നേരത്തെ ചൈന വന്നിട്ടുണ്ട്, അതുപോലെ ഇന്ത്യയും വന്നുകൊണ്ടിരിക്കുന്നുണ്ട്. അതിന് നല്ല സാധ്യത കേരളത്തിനുണ്ട്. കാരണം, നമുക്ക് ഇതിനകത്ത് വലിയ സ്ഥലം ആവശ്യമില്ല,

വെർട്ടിക്കിളായിട്ടുള്ള നിർമ്മിതികൾ മതിയായിരിക്കും. പാരിസ്ഥിതികമായിട്ടുള്ള പ്രത്യാഘാതങ്ങളും ഉണ്ടാക്കില്ല. അതിനാവശ്യമായിട്ടുള്ള മാനവവിഭവശേഷി നമുക്കുണ്ട്. ഈ ക്യാമ്പസുകളെ ജി.സി.സി. എന്ന രൂപത്തിൽ ഉപയോഗപ്പെടുത്താൻ കഴിയുമോ, കേരളത്തെ ജി.സി.സി.-യുടെ ഒരു ഡെസ്റ്റിനേഷനാക്കാനുള്ള ചില നടപടികളും സർക്കാർ ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുന്നുണ്ട്. അങ്ങനെ വന്നുകഴിഞ്ഞാൽ കേരളത്തിന്റെ ഇക്കണോമിയെ 500 ബില്യണിലേയ്ക്ക് എത്തിക്കുന്നതിന് ആവശ്യമായ രൂപത്തിലേയ്ക്ക് മാറ്റാൻ ജി.സി.സി. വഴി നമുക്ക് കഴിയും. അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്.

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, ക്യാമ്പസ്സുകളിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുമെന്നുള്ള അങ്ങയുടെ കാഴ്ചപ്പാടിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ ഷൊർണ്ണൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന ഗവൺമെന്റ് പോളിടെക്നിക് കോളേജിന് 27 ഏക്കർ സ്ഥലമുണ്ട്. പോളി ടെക്നിക്കിന്റെ പ്രവർത്തനങ്ങൾക്കായി കുറച്ച് സ്ഥലം മാത്രമെ ഉപയോഗിക്കുന്നുള്ളൂ.

ബാക്കിയുള്ള സ്ഥലം ഇത്തരത്തിലുള്ള പാർക്കുകൾ തുടങ്ങുന്നതിനായി സൗകര്യപ്പെടുത്താൻ കഴിയുന്നതാണോ; ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: ഇതിനായുള്ള വെബ് പോർട്ടൽ ഈ മാസം ലോഞ്ച് ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്. അതിനുശേഷം ബഹുമാനപ്പെട്ട എല്ലാ സാമാജികരും ഈ പറയുന്ന സ്ഥാപനങ്ങളെക്കൊണ്ട് അതിനാവശ്യമായ അപേക്ഷകൾ അപ്‌ലോഡ് ചെയ്യിക്കേണ്ടതാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ മാനദണ്ഡങ്ങൾക്കനുസരിച്ച് ചലഞ്ച് അടിസ്ഥാനത്തിൽ 25 എന്നാണ് ആദ്യ വർഷം ഉദ്ദേശിക്കുന്നത് അതിൽ ഏതാണോ മുമ്പിൽ വരുന്നത് ആ സ്ഥാപനത്തിന് അനുവദിക്കണമെന്ന കാഴ്ചപ്പാടാണുള്ളത്. അതുകൊണ്ട് എല്ലാ അംഗങ്ങളും അവരവരുടെ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ്/സ്വകാര്യ/സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങൾ അവ ഏതായാലും സൂചിപ്പിച്ച മാനദണ്ഡങ്ങൾക്കനുസരിച്ച് അപേക്ഷിക്കുന്നതിനുള്ള മുൻകൈയെടുക്കണം. മാനദണ്ഡങ്ങളനുസരിച്ച് നൽകുകയും ചെയ്യാം.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഭൂമിയുടെ ലഭ്യതക്കുറവ് കാരണം നമ്മുടെ നിരവധി ആവശ്യങ്ങളിൻമേൽ വലിയ പ്രതിസന്ധി നേരിടുകയാണ്. എന്റെ ചോദ്യം, ആലപ്പുഴ നിയോജകമണ്ഡലത്തിലെ നാഷണൽ ഹൈവെയുടെ ഇരുവശങ്ങളിലുമായി സിൽക്ക്, ഓട്ടോകാസ്റ്റ്, സ്പിന്നിംഗ് മിൽ തുടങ്ങിയ സ്ഥാപനങ്ങളുടെ ഏക്കർ കണക്കിന് ഭൂമി ഉപയോഗശൂന്യമായി കിടക്കുകയാണ്. ഇത്തരം സ്ഥലങ്ങളിൽ പുതിയ സ്ഥാപനങ്ങളോ/പാർക്കുകളോ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ഭൂമി ലഭ്യതയുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ മാപ്പിംഗ് നടത്തുകയുണ്ടായി. നമുക്ക് ലഭ്യമായിട്ടുള്ള ഭൂമിയിൽ എത്രമാത്രം ഉപയോഗിക്കാൻ കഴിയുമെന്നതാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്. അതിൽ ഒന്ന്, പൊതുമേഖലാസ്ഥാപനങ്ങളുടെ കൈവശമുള്ള വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കാതെ കിടക്കുന്ന അധിക ഭൂമിയാണ്. രണ്ട്, പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്തുകളിൽ വിവിധ കാലങ്ങളിലായി

ഇൻഡസ്ട്രിയൽ എസ്റ്റിമേറ്റെന്ന് പറഞ്ഞ് അക്വയർ ചെയ്യുകയും എന്നാൽ പ്രവർത്തിക്കാതെ കിടക്കുന്നതുമായ ഭൂമിയാണ്. മൂന്ന്, ഉപയോഗശൂന്യമായി കിടക്കുന്ന റവന്യൂ ഭൂമിയാണ്. അവ വ്യവസായ ആവശ്യങ്ങൾക്കായി വിനിയോഗിക്കാൻ സാധിക്കുമോ എന്നത് സംബന്ധിച്ചുള്ള ഒരു മാപ്പിംഗ് നടത്തുകയുണ്ടായി. ഈ മാപ്പിംഗിന്റെ അടിസ്ഥാനത്തിൽ പല സ്ഥലങ്ങളിലും എത്രമാത്രം ഭൂമി ലഭ്യമാകുമെന്നുള്ള ധാരണ കിട്ടിയിട്ടുണ്ട്. നമ്മുടെ പ്രശ്നം, ഇവിടെ പലരും പറയുന്നതുപോലെ ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടല്ല വ്യവസായങ്ങളോ മൂലധനമോ നമ്മുടെ സംസ്ഥാനത്തേയ്ക്ക് വരാതിരിക്കുന്നത്. പ്രധാനപ്പെട്ട പ്രശ്നം, ഭൂമിയുടെ ലഭ്യതക്കുറവും ഉള്ള ഭൂമിയുടെ ഉയർന്ന വിലയുമാണ്. സർക്കാർ ഒരു വിദേശ കമ്പനിയുമായി ചർച്ച ചെയ്ത് ഏകദേശം ധാരണയിലെത്തിയതായിരുന്നു. ഭൂമി വിലയുമായി ചർച്ച ചെയ്യുമ്പോൾ മറ്റൊരു സംസ്ഥാനം ഒരു രൂപാ നിരക്കിൽ അവർക്കാവശ്യമായ മുഴുവൻ ഭൂമിയും നൽകാൻ തയ്യാറായി. സർക്കാർ പതിനഞ്ച് ഏക്കറിലുള്ള ഭൂമിയുടെ എക്സംപ്ഷൻ നടത്തുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ചാൽ അത് പ്രത്യേക പ്രശ്നമായി കണ്ട്

വിവാദമുണ്ടാക്കാൻ താൽപര്യം കാണിക്കുന്നവർ നമ്മുടെ കൂട്ടത്തിൽത്തന്നെയുണ്ട്, പൊതുവായ താൽര്യങ്ങൾവരെ അതിലുണ്ട്. അത്തരത്തിലുള്ള ചില പ്രശ്നങ്ങളാണ് പരിമിതിയുണ്ടാക്കുന്നത്. ഇപ്പോൾ അദ്ദേഹം പറഞ്ഞ രണ്ട് സ്ഥാപനങ്ങളുടെയും ഭൂമി വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. അതുമായി ബന്ധപ്പെട്ട് ബോർഡ് കൂടി തീരുമാനമെടുക്കുന്നതിനുള്ള സ്വാതന്ത്ര്യവും അവർക്ക് നൽകിയിട്ടുണ്ട്. അതിൽ റവന്യൂ പട്ടയത്തിന്റെ അടിസ്ഥാനത്തിൽ നൽകിയിട്ടുള്ള ഭൂമിയാണെങ്കിൽ ഗവൺമെന്റിന്റെ പ്രത്യേക അനുമതി ആവശ്യമായിവരും. അതത് സ്ഥാപനങ്ങൾ വിലകൊടുത്ത് വാങ്ങിയ ഭൂമിയാണെങ്കിൽ അവരുടെ ബോർഡിനുതന്നെ തീരുമാനമെടുക്കുന്നതിനുള്ള അംഗീകാരവും നൽകിയിട്ടുണ്ട

**സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടി**

(*33) ശ്രീ. ടി. ജെ. വിനോദ്:

ശ്രീ. സണ്ണി ജോസഫ്:

ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി ൻൽകാമോ?

(എ) സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) നികുതി പിരിവിലെ കെടുകാര്യസ്ഥതയും അഴിമതിയും ധൂർത്തുമാണ് പ്രസ്തുത പ്രതിസന്ധിക്ക് കാരണമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സാമ്പത്തിക പ്രതിസന്ധിമൂലം ക്ഷേമ പ്രവർത്തനങ്ങളും മറ്റ് ആനുകൂല്യങ്ങളും മുടങ്ങിയ സാഹചര്യമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ആറുമാസം കുടിശ്ശികയായ സാഹചര്യത്തിൽ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എം. ബാലഗോപാൽ): സർ,

(എ) കഴിഞ്ഞ കുറച്ച് കാലങ്ങളായി സംസ്ഥാനം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിച്ചുപോരുന്നുണ്ട് എന്നതൊരു വസ്തുതയാണ്. പ്രകൃതി ദുരന്തങ്ങൾ, നോട്ട് നിരോധനം, കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റംമൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ

ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാദ്ധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തതും സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലായെന്ന കാരണമുയർത്തി കേന്ദ്ര ധനകൈമാറ്റത്തിൽ കുറവ് വരുത്തിയതുമാണ് മേൽ പറഞ്ഞ സാമ്പത്തിക ഞെരുക്കത്തിന് പ്രധാനമായും ഇടയാക്കിയിട്ടുള്ളത്.

കേന്ദ്ര സർക്കാർ പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകളും, സർക്കാർ കടമായി കണക്കിലെടുത്ത്, സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുന്ന സമീപനം സ്വീകരിച്ചത് സ്ഥിതി കൂടുതൽ വഷളാക്കുന്നതിന് കാരണമായിട്ടുണ്ട്.

സംസ്ഥാനത്തിന്റെ വരുമാനത്തിലെ ഭീമമായ കുറവ് തനത് വരുമാനവർദ്ധനവിലൂടെ നികത്താൻ സാദ്ധ്യമല്ല. അതേ സമയം, ചെലവുകളിന്മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ഇതാണ് നിലവിലെ സാമ്പത്തിക ബുദ്ധിമുട്ടിന്റെ അടിസ്ഥാന കാരണം.

(ബി-സി) ഇല്ല. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും ചെലവുകൾക്ക് മുൻഗണന നൽകിയും മുമ്പോട്ടുപോകുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത

നയം. ഇതിന്റെ ഭാഗമായി വരുമാനം ഉയർത്തുന്നതിനോടൊപ്പം ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിലെ സാമ്പത്തിക ഞെരുക്കത്തിനിടയിലും വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗംകൂടാതെ നടത്താൻ സാധിച്ചത് മേൽ നടപടികളുടെ ഫലപ്രാപ്തി കാരണമാണ്. നിലവിലെ സാമ്പത്തിക ബുദ്ധിമുട്ടിനിടയിലും വിവിധ മേഖലകളിലായി വിതരണം ചെയ്യേണ്ട ആനുകൂല്യങ്ങൾ പരമാവധി വിതരണം ചെയ്യുന്നതിന് സർക്കാർ ശ്രമിച്ചുപോരുന്നുണ്ട്. വിവിധ ആനുകൂല്യങ്ങൾക്കും സേവനങ്ങൾക്കും ആവശ്യമായ തുക കണക്കാക്കി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. ടി. ജെ. വിനോദ്: സർ, സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കഴിഞ്ഞ സാമ്പത്തികവർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ പദ്ധതി വിഹിതത്തിൽനിന്നും ചെലവഴിച്ച് മാർച്ച് മാസം 24-ാം തീയതി ട്രഷറിയിൽ സബ്മിറ്റ് ചെയ്ത ബില്ലുകൾപോലും മാറികൊടുക്കാൻ കഴിയാതെയുള്ള സാഹചര്യമാണുള്ളത്. ക്ഷേമപെൻഷനുകളും സാമൂഹിക ക്ഷേമ പെൻഷനുകളും കൊടുക്കാൻ കഴിയുന്നില്ല. കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് 15 മാസത്തെ കുടിശ്ശിക നിലനിൽക്കുകയാണ്. എറണാകുളം ജനറൽ ആശുപത്രിയിൽ കാരുണ്യ

ആരോഗ്യ സുരക്ഷാ പദ്ധതിയിൽ മാത്രം 60 കോടി രൂപ നൽകാനുണ്ട്. കാരുണ്യ ബെനവലെന്റ് സ്കീമിൽ 10 കോടിരൂപ നൽകാനുണ്ട്. സംസ്ഥാന ധനകാര്യവകുപ്പുമന്ത്രി എപ്പോഴും പറയുന്നത് കേന്ദ്രത്തിൽ നിന്നും 57,000 കോടി രൂപ ലഭിക്കാനുണ്ടെന്നാണ്. പ്രസ്തുത തുക നേടിയെടുക്കാൻ സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ കേസ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കേസിന്റെ വിധി എന്താണെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്നത് വസ്തുതയാണ്, അതിന്റെ കാരണങ്ങൾ വ്യക്തമാക്കിയിട്ടുള്ളതും പല തവണ ചർച്ച ചെയ്തിട്ടുള്ളതുമാണ്. പക്ഷെ, സംസ്ഥാനത്തെ പ്രവർത്തനങ്ങൾക്ക് തടസ്സം വരുത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സ്വീകരിച്ചിട്ടില്ലെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കാരുണ്യ ബെനവലന്റ് സ്കീമിന്റെ കാര്യമാണ് അദ്ദേഹം ഏറ്റവും ഒടുവിൽ പറഞ്ഞത്. ആ സ്കീമിനുവേണ്ടി ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളത് 470 കോടി രൂപയാണെങ്കിലും അതിനേക്കാൾ അധികരിച്ച് 1000 കോടി രൂപയോളമെടുത്ത് ആ പദ്ധതിക്കുവേണ്ടി നൽകുകയാണ്. ഞാൻ

നേരത്തെ വ്യക്തമാക്കിയത് കേന്ദ്ര സർക്കാർ നൽകുന്ന നികുതി വിഹിതത്തിന്റെ ശതമാനവും മറ്റുമാണ്. എൻ. എച്ച്. എം പദ്ധതിക്കായി 2023-24 കാലയളവിൽ മാത്രം കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കാനുള്ളത് 611 കോടി രൂപയാണ്. അതായത് ബ്രാന്റിംഗിന്റെയും മറ്റും പേരിൽ ആരോഗ്യ മേഖലയ്ക്കായി തരാനുള്ള തടഞ്ഞുവച്ചിരിക്കുന്ന തുകയാണിത്. നേരത്തെ യു.ജി.സി. അടക്കമുള്ള പലതിന്റെയും കാര്യങ്ങൾ വ്യക്തമാക്കിയിട്ടുള്ളതാണ്. സംസ്ഥാന ഗവൺമെന്റ് ഈ മേഖലയിലേയ്ക്കായി അധികം പണം അനുവദിച്ചുകൊണ്ടാണ് എൻ.എച്ച്.എം. ഉൾപ്പടെയുള്ള പദ്ധതികളുടെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നത്. ഓരോ മേഖലയിലും സിവിൽ സപ്ലൈസിന് നെല്ല് സംഭരണത്തിനും മറ്റും നൽകാനുള്ള വലിയ തുകയെ സംബന്ധിച്ച് കഴിഞ്ഞ ദിവസം വകുപ്പുമന്ത്രിതന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. കേന്ദ്ര ഗവൺമെന്റ് ഓരോ മേഖലയിലും തരാനുള്ള പണം അനുവദിക്കാതിരിക്കുകയാണ്. ഇങ്ങനെയൊക്കെയാണെങ്കിലും അദ്ദേഹം പറഞ്ഞ തരത്തിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾക്കുള്ള ചെലവ് കുറയ്ക്കുന്ന സമീപനം സ്വീകരിച്ചിട്ടില്ല. എന്നാൽ അങ്ങനെയൊരു

ധാരണയുണ്ടാക്കുന്നതിനുവേണ്ടിയുള്ള പ്രചരണവും ക്യാമ്പയിനും നടക്കുന്നുണ്ട്. തെരഞ്ഞെടുപ്പിനുമുമ്പ് വലിയ തോതിൽ അത് നടന്നിരുന്നു. സർക്കാർ കഴിഞ്ഞ വർഷം 25-ാം തീയതി വരെയാണ് പഞ്ചായത്തുകൾക്ക് നൽകാനുള്ള തുക കൊടുക്കേണ്ട തീയതിയെന്ന് നിശ്ചയിച്ചിരുന്നുവെങ്കിലും ആ തീയതിക്കുശേഷമുള്ളവർക്ക് വീണ്ടും അഡീഷണലായി തീയതി നീട്ടി കൊടുത്തിട്ടുണ്ട്. അതിനുശേഷമുള്ളവർക്ക് സാധാരണഗതിയിൽ കൊടുക്കുന്നതുപ്പോലെ ഈ വർഷം ആദ്യം കൊടുക്കുമെന്ന നിലയിൽ തന്നെയാണ് ധാരണയായിട്ടുള്ളത്. അല്ലാതെ ആ സമയത്തിനകത്ത് കൊടുക്കുന്നതിൽ പൊതുവിൽ കുറവുവന്നിട്ടില്ല. സംസ്ഥാനത്തിന്റെ പ്ലാൻ അനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാനുള്ള തുകയിലും വലിയ വെട്ടിക്കുറവ് വന്നിട്ടില്ല. ഇതെല്ലാമുള്ളപ്പോൾ എങ്ങനെയാണ് കേരളം മുന്നോട്ടുപോകുന്നതെന്ന് ഓരോ ഭാഗമായി വിശദമായി പരിശോധിക്കണം. അക്കാര്യങ്ങൾ വിശദമായി സംസാരിക്കുന്നതിനുള്ള ഒരു വേദി ഇവിടെയുണ്ടെന്നുള്ളതിനാൽ അത്തരം കാര്യങ്ങൾക്കുവേണ്ടി ഇപ്പോൾ സമയമെടുക്കുന്നില്ല. ഈ അടുത്ത സമയത്ത് വന്ന ഒന്നുരണ്ടു കണക്കുകൾ ഉണ്ട്.

ഇന്ത്യയിൽ പബ്ലിക് സർവീസ് കമ്മീഷനുകൾ വഴി 2022-23 കാലയളവിൽ നൽകിയ നിയമനങ്ങളിൽ യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ നൽകിയ കണക്കനുസരിച്ച് ആകെ 51,000 പേരെയാണ് പി.എസ്.സി.കൾ വഴി നിയമനം നൽകിയിട്ടുള്ളത്. അതിൽ 34,000 പേരുടെ നിയമനം നടന്നത് കേരളത്തിലാണ്. അതായത് ആകെ നിയമനത്തിന്റെ 60 ശതമാനം. ഈ നിയമനങ്ങൾ കഴിഞ്ഞ 3 വർഷമായും അതിനുമുമ്പുള്ള 5 വർഷക്കാലമായിട്ടും നടന്നുകൊണ്ടിരിക്കുകയാണ്. ഒരു വർഷം 34,000 പേരുടെ നിയമനം നടത്താതിരുന്നാൽ 1500 കോടി രൂപയുടെ ലാഭമുണ്ടാക്കാൻ സാധിക്കും. അങ്ങനെ ലാഭമുണ്ടാക്കുകയെന്നതല്ല ഈ സർക്കാരിന്റെ ലക്ഷ്യം. അതുകൊണ്ടുതന്നെയാണ് കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള നീതി ആയോഗിന്റെ ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച്, ഗ്രാമീണമേഖലയിലെ ദാരിദ്ര നിർമ്മാർജ്ജനത്തിൽ അവരുടെ മൾട്ടി ഡൈമെൻഷണൽ പോവർട്ടി ഇൻഡെക്സ് അനുസരിച്ച് കേരളമാണ് ഏറ്റവും മെച്ചപ്പെട്ട ഒന്നാമത്തെ സംസ്ഥാനം. 0.002 ആണ് കേരളത്തിലെ ദാരിദ്ര നിരക്ക്. ഈ തരത്തിൽ ഓരോ മേഖലയിലും വന്നിട്ടുണ്ട്. അതിനകത്ത് ഈ കാര്യങ്ങൾ

ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ വർഷത്തെ പ്രാഥമിക കണക്കുകൾ, സി.&എ.ജി.-യുടെ കണക്കനുസരിച്ച് 3.5% ആണ് കേരളത്തിന് ലോണെടുക്കാനുള്ള അവകാശം. അതിനുപകരം 2.8% മാത്രമേ എടുത്തിട്ടുള്ളൂ. സി.&എ.ജി.-യുടെ പ്രാഥമിക കണക്കാണ്. കാരണമെന്താണ്? ബാക്കിയെടുക്കാൻ സമ്മതിക്കുന്നില്ല. 3.5% എടുക്കുകയാണെങ്കിൽ 8000 കോടി രൂപകൂടി അധികം ലഭിക്കും. ഇത്തരത്തിൽ ബുദ്ധിമുട്ടുണ്ടായിട്ടും കേരളത്തിലെ സാമൂഹികക്ഷേമ പെൻഷൻ അടക്കമുള്ള കാര്യങ്ങളാണ് അദ്ദേഹം പറഞ്ഞത്. 5 മാസത്തെ സാമൂഹികക്ഷേമ പെൻഷൻ ഇനിയും വിതരണം ചെയ്യാനുണ്ടെന്ന് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പബ്ലിക്കായി പറഞ്ഞതാണ്. ബഡ്ജറ്റ് കഴിഞ്ഞതിനുശേഷം എല്ലാ മാസവും കൃത്യമായി കാര്യങ്ങൾ നൽകുന്നുണ്ട്.

കേസിന്റെ കാര്യം അദ്ദേഹം പറഞ്ഞു. ആ കേസിന് പോയതിന്റെ ഭാഗമായി കേരളത്തിന് കുറേയേറെ ഗുണമുണ്ടായി. കഴിഞ്ഞ ഫെബ്രുവരി മാസം തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് ശമ്പളം അടക്കം തടയുന്ന തരത്തിലേയ്ക്ക് കേരളത്തിന് ഏറ്റവും അർഹമായ പണം കിട്ടാതിരിക്കുന്ന ചില തീരുമാനങ്ങൾ

കേന്ദ്ര ഗവൺമെന്റ് എടുക്കുകയുണ്ടായി. കേസിന് പോയതിന്റെ ഭാഗമായി കഴിഞ്ഞ മാർച്ച് മാസത്തിൽ 13608 കോടി രൂപ നമുക്ക് റിലീസ് ചെയ്തുകിട്ടി. നമ്മൾ പറഞ്ഞ കാര്യത്തിൽ ഒരു ഗ്രൗണ്ട് ഉണ്ട് എന്നതുകൊണ്ട് കേസ് ഭരണഘടനാ ബെഞ്ചിന് വിട്ടിരിക്കുകയാണ്. അത് തുടർന്ന് കേൾക്കും. ആദ്യമായിട്ടാണ് ഒരു സംസ്ഥാനം ഫെഡറൽ ഇഷ്യൂ ഉന്നയിച്ചുകൊണ്ട്, സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതത്തെ സംബന്ധിച്ച് പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് ഇതുപോലെ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ പോകുന്നത്. സുപ്രീംകോടതി അത് കോൺസ്റ്റിറ്റ്യൂഷൻ ബെഞ്ചിന് വിട്ടിരിക്കുകയാണ്. കേരളത്തിന് കിട്ടേണ്ട പണം കേരളത്തിന് കിട്ടുന്നില്ല എന്നതാണ് പ്രശ്നം. 2017-18 സാമ്പത്തിക വർഷം മുതലാണ് പബ്ലിക് അക്കൗണ്ട്, അതായത് ട്രഷറിയിൽ കിടക്കുന്ന പണം നമ്മുടെ സംസ്ഥാനത്തിന്റെ കടമായി കണക്കാക്കാൻ തുടങ്ങിയത്. അതിനുശേഷം 2017-18 മുതൽ 2022-23 വരെ മാത്രം 91269 കോടി രൂപയാണ് നമുക്ക് വെട്ടിക്കുറയ്ക്കപ്പെട്ടത്. ഇത്തരത്തിൽ ചെയ്യുമ്പോഴും സംസ്ഥാനം രാജ്യത്ത് സാമൂഹ്യക്ഷേമ പ്രവർത്തനം അടക്കം ഏറ്റവും നന്നായി നടത്തിക്കൊണ്ട്

മുന്നോട്ട് പോകുന്നുണ്ട്. ഈ കേസടക്കമുള്ള കാര്യങ്ങൾ നമുക്ക് കുറച്ചുകൂടി നന്നായി ഉന്നയിച്ചുകൊണ്ടും പാർലമെന്റിൽ കുറച്ചുകൂടി ഇക്കാര്യങ്ങൾ ഉന്നയിച്ചുകൊണ്ടും മുന്നോട്ടുപോകാൻ കഴിയുന്നൊരു രാഷ്ട്രീയ സാഹചര്യം ഇപ്പോൾ ഉണ്ടായിട്ടുണ്ട് എന്നതിന്റെ ഗുണമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ടി. ജെ. വിനോദ്: സർ, കേന്ദ്ര സർക്കാരിൽനിന്നും പദ്ധതി, പദ്ധതിയേതര ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം ലഭിക്കാനുള്ള തുക എത്രയാണ്; ഇതുവരെ ലഭിച്ച തുകയെത്ര എന്നത് വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കാനുള്ള വിശദമായ കണക്കുകളാണ് അദ്ദേഹം ചോദിച്ചത്. അതിന്റെ വിശദമായ കണക്കുകൾ തരാം. വിവിധ മേഖലകളിലാണ്. പ്രസ്തുത കണക്കുകൾ കൃത്യമായി നൽകാം. ഞാൻ പറഞ്ഞത് പ്രധാനപ്പെട്ട ചില കാര്യങ്ങളാണ്. ആരോഗ്യ രംഗത്തേതും സിവിൽ സപ്ലൈസ് രംഗത്തുമുള്ള ചില കാര്യങ്ങൾ ഇവിടെ പറഞ്ഞു. വിദ്യാഭ്യാസ മേഖലയിലൊക്കെ നേരത്തെ തന്നുകൊണ്ടിരുന്ന പല കാര്യങ്ങളും ഇപ്പോൾ തരുന്നില്ല. അതിന്റെ വിശമായ കണക്കുകൾ പിന്നീട് നൽകാം.

ശ്രീ. സണ്ണി ജോസഫ്: സർ, കിഫ്ബി, പെൻഷൻ ഫണ്ട് ബോർഡ് തുടങ്ങിയ സംവിധാനങ്ങളിലൂടെ സ്വീകരിക്കുന്ന വായ്പകൾക്ക് ഗവൺമെന്റ് തന്നെയാണ് സോവറിൻ ഗ്യാരണ്ടിയായി നൽകുന്നത്. അതുപോലെ ഈ സംഖ്യകൾ വിനിയോഗിക്കുന്നത് സർക്കാർ ചെയ്യേണ്ട വികസന കാര്യങ്ങൾ, പശ്ചാത്തല വികസനങ്ങൾ, ക്ഷേമ പെൻഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾക്കുവേണ്ടിയാണ്. ഈ വായ്പകൾ ഈ ന്യായങ്ങൾകൊണ്ട് സർക്കാർ വായ്പകളായിത്തന്നെ കാണേണ്ടതാണ്. കാരണം, ഇതിന്റെ ഗ്യാരണ്ടി സർക്കാരാണ്, സർക്കാർ ചെയ്യേണ്ട കടമകളാണ് ഈ സംവിധാനങ്ങളിലൂടെ വിനിയോഗിക്കപ്പെടുന്നത്. അതുകൊണ്ട് ഈ വായ്പകൾ സർക്കാർ വായ്പകളാകില്ല എന്ന തെറ്റായ ന്യായം ഇനിയെങ്കിലും തിരുത്തുമോ; അത്തരം വാദം ഇനിയെങ്കിലും ഉപേക്ഷിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ആ വാദം തിരുത്താൻ കഴിയില്ല. കാരണം, സംസ്ഥാനത്ത് ഇത്തരം കാര്യങ്ങൾ ചെയ്യുന്ന വിവിധ ധനകാര്യ സ്ഥാപനങ്ങളുണ്ട്. അവയുടെ ഭാഗമായി നമ്മളെടുക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ, അതിനകത്ത് നല്ലൊരു ഭാഗവും നേരത്തെ പറഞ്ഞതുപോലെ,

കുറച്ചുമുമ്പ് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി കേരളത്തിന്റെ വ്യവസായ മേഖലയിൽ ധാരാളം പുതിയ കാര്യങ്ങൾ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങളെ കുറിച്ച് പറഞ്ഞു. ഓരോ മേഖലയിലും നമ്മൾ കൊണ്ടുവന്നിട്ടുള്ള വലിയ മാറ്റങ്ങൾ. കേരളത്തിലെ നാഷണൽ ഹൈവേ ഉൾപ്പെടെയുള്ളവയുടെ വികസനം. എല്ലാം കൊണ്ടുവന്നതിന് ഇത്തരം ഏജൻസികളുടെ സഹായം ഉണ്ടായിട്ടുണ്ട്. അപ്പോൾ അതിനകത്ത് നേരത്തെ NHAI-യുടെ കാര്യത്തിലും ഫുഡ് കോർപ്പറേഷന്റെ കാര്യത്തിലുമൊക്കെ കേന്ദ്ര ഗവൺമെന്റ് എടുത്ത ലോണുകളെ പൊതുകടമാക്കി വരാത്തതിന്റെ ഭാഗമായിട്ടുണ്ടായ വ്യത്യാസമുണ്ട്. അതിന്റെ ഗുണമുണ്ട്. ആ തരത്തിൽ നമ്മൾ ചെയ്യണമെന്നാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നമ്മൾ ഉന്നയിച്ചിട്ടുള്ളത്. അത് നമ്മൾ നേരത്തെതന്നെ പറയുന്നതാണ്. ഒരുകാര്യം അങ്ങ് പറയുന്നത് സത്യമാണ്. ഇങ്ങനെയൊരു സമീപനം അവർ എടുത്തില്ലായിരുന്നുവെങ്കിൽ ഈ കഴിഞ്ഞ വർഷം നമുക്ക് ഏകദേശം 12000 കോടി രൂപ അധികമായി ഉപയോഗിക്കാൻ കിട്ടുമായിരുന്നു. അതാണ് നമ്മളെ ശ്വാസം മുട്ടിക്കുന്നത്. കിഫ്ബിയും പെൻഷൻ കമ്പനിയും വഴിയുണ്ടാകുന്ന വലിയ നേട്ടങ്ങളുണ്ട്. അത് നമ്മുടെ പോളിസി തന്നെയാണ്.

3230 കോടി രൂപ കിഫ്ബിക്കുവേണ്ടി ടാക്സിനത്തിൽ കഴിഞ്ഞ വർഷം നൽകിയിരുന്നു. വിവിധ ടാക്സ് അങ്ങോട്ട് അപ്പോർഷൻ ചെയ്യുന്നത് നിയമസഭ പാസ്സാക്കിയ നിയമമനുസരിച്ചാണ്. കിഫ്ബിക്കും പെൻഷൻ കമ്പനിക്കുംകൂടി 4650 കോടി രൂപ കഴിഞ്ഞ വർഷം ലോണുകൾ എടുത്തിട്ടുണ്ട്. അങ്ങനെയാണ് കേന്ദ്ര ഗവൺമെന്റ് കണക്കാക്കിയത്. ഇതിൽ ഏറ്റവും വലിയ തർക്കം, കിഫ്ബിയുടെയും പെൻഷൻ കമ്പനിയുടെയും കടമെടുത്തത് മുൻകാല പ്രാബല്യത്തോടെ നമ്മുടെ ഓരോ വർഷത്തെ ചെലവിൽ വെട്ടികുറയ്ക്കാൻ തുടങ്ങി. ഈ വർഷം 4710 കോടി രൂപയാണ് നമ്മുടെ ബഡ്ജറ്റിൽ വെട്ടാൻ പോകുന്നത്. എന്നുപറഞ്ഞാൽ, 12590 കോടി രൂപ ഒരു വർഷം കിഫ്ബിയുടെയും പെൻഷൻ കമ്പനിയുടെയും പേരിൽ നമ്മുടെ റെഗുലർ ചെലവിൽനിന്നും വെട്ടികുറയ്ക്കുകയാണ്. അതെല്ലാം നിൽക്കുമ്പോഴാണ് നമ്മൾ ഇക്കാര്യങ്ങൾ ചെയ്യുന്നത്. പക്ഷേ ഇവിടത്തെ ചോദ്യം, കിഫ്ബിയും പെൻഷൻ കമ്പനിയും എടുക്കുന്ന കാര്യങ്ങൾക്ക് നമ്മൾ കൃത്യമായൊരു പദ്ധതിയുണ്ടാക്കി അങ്ങയുടെ മണ്ഡലത്തിലടക്കം ചെയ്യുന്നതാണ്. അങ്ങും അംഗീകരിക്കുന്നതാണ് ഏറ്റവും നല്ല റോഡ് എന്നത്. അവിടെനിന്ന് നേരെ

കർണ്ണാടകത്തിലേയ്ക്ക് ഒരു മണിക്കൂറുകൊണ്ട് എത്താവുന്ന തരത്തിലേയ്ക്ക് ഏറ്റവും നല്ല റോഡ് അങ്ങയുടെ മണ്ഡലത്തിൽത്തന്നെ നിർമ്മിച്ചിട്ടുണ്ട്. അവിടെ മാത്രമല്ല, എല്ലാ സ്ഥലത്തും നല്ല റോഡുകളും നല്ല നിർമ്മാണ പ്രവർത്തനങ്ങളും ധാരാളം അടിസ്ഥാന സൗകര്യങ്ങളും വികസിച്ചിട്ടുണ്ട്. തിരിച്ചടയ്ക്കാൻ ഗവൺമെന്റിന് പറ്റും. അതിന് വേറൊരു മോഡലാണ് കിഫ്ബി. അത് ബഡ്ജറ്റിൽനിന്ന് എടുക്കേണ്ടതല്ല എന്നുള്ളതാണ്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ നയത്തെ അങ്ങ് പിന്തുണയ്ക്കുക എന്നുപറഞ്ഞാൽ കേരളത്തിൽ നമ്മുടെ വികസന കാര്യങ്ങൾക്ക് തടസ്സമുണ്ടാക്കുന്ന ന്യായത്തെ പിന്തുണയ്ക്കുക എന്നുള്ളതാണ്. അത് ശരിയല്ല. കിഫ്ബി ആദ്യമുണ്ടായത് ഇടതുപക്ഷത്തിന്റെ കാലത്ത് മാത്രമല്ല. അത് ശക്തിപ്പെടുത്തി മുന്നോട്ട് പോകണമെന്നാണ് പറയാനുള്ളത്.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, ഒരുപാട് മേഖലകളിൽ കടവും കടത്തിന്റെ പുറത്ത് കടവും ബാധ്യതകളുമൊക്കെ ഉണ്ടെന്നുള്ളത് അങ്ങുതന്നെ സമ്മതിക്കുന്നൊരു കാര്യമാണ്. അതുപോലെയല്ല കേരളത്തിലെ നിർമ്മാണ തൊഴിലാളികൾ. അവർ ആരോഗ്യമുള്ള സമയത്ത് അദ്ധ്വാനത്തിന്റെ ഒരു

ശതമാനം പ്രായമാകുമ്പോൾ മരുന്ന് വാങ്ങാം, ജീവിത ചെലവിനുവേണ്ടിയും അംശദായമായി അങ്ങോട്ട് അടച്ചതാണ്. അത് എത്രയും പെട്ടെന്ന് വിതരണം ചെയ്യാൻ നടപടി എടുക്കുമോ; നിർമ്മാണ തൊഴിലാളികൾക്കുള്ള എത്ര മാസത്തെ ആനുകൂല്യങ്ങൾ കുടിശ്ശികയുണ്ട് എന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, തദ്ദേശസ്വയംഭരണ മേഖലയിൽനിന്നാണോ കളക്ട് ചെയ്യേണ്ടത്, കളക്ട് ചെയ്യേണ്ടത് ആരാണ് എന്നുള്ളൊരു പ്രശ്നമുണ്ടായിരുന്നു. നേരത്തെ തൊഴിൽ വകുപ്പായിരുന്നു കളക്ട് ചെയ്തുകൊണ്ടിരുന്നത്. അത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി കളക്ട് ചെയ്യാനുള്ളൊരു തീരുമാനം ഇപ്പോൾ എടുത്തിട്ടുണ്ട്. അത് എഫക്ടീവായി നടന്നുവരണം. ആ മേഖലയിൽ പണത്തിന്റെ വലിയ കുറവില്ല. കളക്ഷന്റെ പ്രശ്നം വന്നതാണ്. കുറച്ച് കുടിശ്ശികയുണ്ട്. അത് പരിഹരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കൃത്യമായ കണക്കുകൾ പരിശോധിച്ചുമാത്രമെ പറയാൻ സാധിക്കുകയുള്ളൂ. നിർമ്മാണ പ്രവർത്തനത്തിന്റെ ഭാഗമായി കളക്ട് ചെയ്യേണ്ട പണം കളക്ട് ചെയ്ത് വരുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

അതിനകത്ത് കുറച്ച് പുരോഗതിയുണ്ടാകും. വലിയ താമസമില്ലാതെതന്നെ അത് മെച്ചപ്പെട്ട തരത്തിലേയ്ക്ക് ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. വി. കെ. പ്രശാന്ത്: സർ, നമ്മൾ ഏറ്റവും കൂടുതൽ തനത് വരുമാനമുണ്ടാക്കിയ സംസ്ഥാനങ്ങളിലൊന്നായി കേരളം മാറിയിട്ടുണ്ട്. ആ നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിന് ആവശ്യമായ കാര്യങ്ങൾ ചെയ്യുമോ; ജി.എസ്.റ്റി. വരുമാനത്തിന്റെ ചോർച്ച ഒഴിവാക്കുന്നതിന് ആവശ്യമായ കാര്യങ്ങൾക്കായി എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ജി.എസ്.റ്റി.-യുടെ കാര്യത്തിൽ ചോർച്ച ഒഴിവാക്കുന്നതിനുള്ള ധാരാളം കാര്യങ്ങൾ ചെയ്യുന്നുണ്ട്. ജി.എസ്.റ്റി. ഡിപ്പാർട്ട്മെന്റുതന്നെ മൂന്ന് മേഖലകളായി പുന:ക്രമീകരിച്ച് അതിന്റെ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇത് കോ-ഓർഡിനേറ്റ് ചെയ്യുന്നതിന് ടാക്സ് പേയർ സർവ്വീസിന്റെ പ്രവർത്തനമുണ്ട്. ഇന്റലിജൻസ്, ഓഡിറ്റ് വകുപ്പുകളുടെയും പ്രവർത്തനങ്ങളുമുണ്ട്. ഇന്റലിജൻസ് വകുപ്പ് കഴിഞ്ഞ വർഷങ്ങളിൽ നടത്തിയിട്ടുള്ള കുറേയേറെ പ്രവർത്തനങ്ങളുണ്ട്. 2022-23-ൽ 15728 കേസുകളെടുത്തു. 2023-24-ൽ 4902 കേസുകളെടുത്തു. 2024-25-ൽ

178493 വാഹന പരിശോധനകൾ നടത്തുകയും 655 കേസുകളെടുക്കുകയും ചെയ്തു. 2023-24-ൽ 960 പരിശോധനകളിൽനിന്നും 1775.28 കോടി രൂപയുടെ ജി.എസ്.റ്റി. നികുതി വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ട്. സാമ്പത്തിക വർഷത്തിൽ വിവിധ പരിശോധനകളുടെ ഭാഗമായി ഏകദേശം 1709 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. ഇത് നമ്മുടെ പരിശോധനകളുടെ ഭാഗമായിട്ടാണ്. വിവിധ മേഖലകളിൽ കർശനമായ പരിശോധനകൾ നടത്തുന്നുണ്ട്. അടുത്ത കാലത്ത് ഓപ്പറേഷൻ പാം ട്രീ എന്നുപറയുന്ന ഒരു പരിശോധന നടത്തിയിരുന്നു. നികുതി വെട്ടിപ്പിന് ധാരാളം സ്കോപ്പുകൂടി ഉണ്ടാക്കുന്നതാണ് ജി.എസ്.റ്റി. നിയമം. വ്യാജ രജിസ്ട്രേഷൻ, അത് കണ്ടുപിടിക്കാനുള്ള സാങ്കേതികമായ ബുദ്ധിമുട്ട്. ഇത്തരം കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റിന് മുമ്പാകെ ഏറ്റവും കൂടുതൽ ഉന്നയിക്കുന്ന സംസ്ഥാനം കേരളമാണ്. അതിന്റെ ഭാഗമായി കുറേ മേഖലകളിൽ മാറ്റം വരുന്നുണ്ട്. സംസ്ഥാനത്തെ പരിശോധനകൾ മാത്രമല്ല, ഇപ്പോൾ ഓഡിറ്റ് വിഭാഗവുമുണ്ട്. ഓഡിറ്റ് വിഭാഗത്തിന്റെ ഭാഗമായി കുറേയേറെ പ്രവർത്തനങ്ങൾ നടക്കുന്നു. കഴിഞ്ഞ വർഷവും ഈ വർഷവുമായി ഓഡിറ്റിന്റെ കാര്യത്തിൽ

നല്ലതുപോലെ പുരോഗതി വന്നുതുടങ്ങിയിട്ടുണ്ട്. അതുസംബന്ധിച്ച കണക്കുകളെല്ലാമുണ്ട്. ഞാൻ അതിന്റെ ഡീറ്റെയിൽസ് പറയുന്നില്ല.

ഇതുപോലെ IGST-യുടെ ഭാഗത്തുനിന്നും നമുക്ക് കിട്ടാനുള്ള പണത്തെ സംബന്ധിച്ച് നിരന്തരമായി കേരളം പറഞ്ഞുകൊണ്ടിരിക്കുകയാണ്. ആ മേഖലയിലും നമ്മൾ പറയുന്ന കാര്യങ്ങൾ ഓരോന്നും കൊണ്ടുവന്നിട്ട് ഓൺലൈൻ ട്രേഡിംഗ് അല്ലെങ്കിൽ ആമസോൺ പോലെയുള്ള സ്ഥാപനങ്ങൾ വഴി വരുന്ന കച്ചവടം ഉൾപ്പെടെ. പലപ്പോഴും നമുക്ക് കൃത്യമായി കിട്ടാത്തതിന് പല പ്രശ്നങ്ങളുമുണ്ട്. ആ പ്രശ്നങ്ങൾ ഉന്നയിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുവച്ചുതന്നെ, ഓൺലൈൻ ട്രേഡിംഗിന്റെ കാര്യത്തിൽ ആമസോൺ, ആപ്പിൾ, ഒ.റ്റി.റ്റി. പോലെയുള്ളവ ഉൾപ്പെടെ ആളുകൾ വാങ്ങുമ്പോൾത്തന്നെ ടാക്സ് പോകും. പക്ഷേ, സംസ്ഥാനത്തിന്റെ ഖജനാവിലേയ്ക്ക് വരുന്നില്ല. ഇതൊക്കെ നോക്കുന്നതിനുള്ള കാര്യങ്ങൾ കേരളംതന്നെ ആവശ്യപ്പെട്ടതനുസരിച്ച് കുറച്ച് പരിശോധന നടക്കുന്നുണ്ട്. ഇക്കാര്യത്തിലൊക്കെ നല്ലതുപോലെ പുരോഗതി വന്നിട്ടുണ്ട് എന്നാണ് പറയുവാനുള്ളത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഈ അടുത്ത കാലത്ത് വാർത്തകളിൽ ഇടംനേടിയ പദ്ധതിയാണ് ജീവാനന്ദം. സാമ്പത്തിക സ്ഥിതി ഗുരുതരാവസ്ഥയിലായ സാഹചര്യത്തിൽ സർക്കാർ ജീവനക്കാരുടെ ശമ്പളം പിടിച്ചെടുക്കാനുള്ളൊരു സംവിധാനമാണിത് എന്ന് പറയപ്പെടുന്നു. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വിശദമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കാള പെറ്റെന്ന് കേൾക്കുമ്പോൾ കയറെടുക്കുന്നത് ശരിയല്ല. ജീവാനന്ദം പദ്ധതി ഒരു ഇൻഷ്വറൻസ് പദ്ധതിയാണ്. ആന്വിറ്റി മോഡൽ. സംസ്ഥാന സർക്കാർ ജീവനക്കാർ മാത്രമല്ല, KSFE പോലെയുള്ള സ്ഥാപനങ്ങൾ, ഇന്റസ്ട്രീസിന്റെ നിരവധി സ്ഥാപനങ്ങൾ. അവിടെയൊന്നും പെൻഷനില്ല. വലിയ ശമ്പളം വാങ്ങുന്ന ആളുകളാണ്. അവർക്ക് പെൻഷനില്ല. LIC കൂടാതെ പ്രൈവറ്റ് സ്ഥാപനങ്ങൾ പലതും ഇൻഷ്വറൻസ് നടത്തുന്നുണ്ട്, പ്രൈവറ്റ് ബാങ്കുകളും മറ്റും. അപ്പോഴൊരു ആന്വിറ്റി എന്ന നിലയിൽ അവർ നിക്ഷേപിച്ചാൽ ആന്വിറ്റി അനുസരിച്ച് പണം തിരിച്ചുകിട്ടും. അത് ഗവൺമെന്റ് ഗ്യാരണ്ടിയുള്ളൊരു സംഭവമാണെങ്കിൽ കൊള്ളാം. ഇത് കഴിഞ്ഞ ബഡ്ജറ്റ് സമയത്തുതന്നെ അന്ന് ആ

ബഡ്ജറ്റിൽക്കൂടി പറഞ്ഞതാണ്. ഒരു കൃത്യമായൊരു വരുമാനം ഗവൺമെന്റ് ഗ്യാരണ്ടിയിൽ ലഭിക്കാവുന്നൊരു ആന്വിറ്റി സ്കീം നടപ്പിലാക്കുക. ആന്വിറ്റി സ്കീം എന്നുപറഞ്ഞാൽ ആർക്കുവേണമെങ്കിലും ചേരാമെന്നല്ലാതെ ഗവൺമെന്റ് നിർബന്ധമായും പിടിച്ചെടുക്കുക എന്നതല്ല. കഴിഞ്ഞ ദിവസം ഒരു ഓൺലൈൻ പ്രസിദ്ധീകരണത്തിൽ ജീവാനന്ദം പദ്ധതിയെ പരാമർശിച്ചുകൊണ്ട് ഒരു വാർത്ത വന്നിരുന്നു, പ്രസിദ്ധീകരണം ഏതാണെന്ന് എനിക്കും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനും അറിവുള്ളതാണ്. പ്രസ്തുത വാർത്തയുടെ നിജസ്ഥിതി പരിശോധിക്കാതെ കേരളത്തിലെ പ്രമുഖ പത്രങ്ങൾ അതൊരു വലിയ വാർത്തയാക്കിക്കൊടുത്തു. എന്നുമാത്രമല്ല, സർക്കാർ ജീവനക്കാർക്ക് ശമ്പളത്തിന്റെ പകുതിമാത്രമെ കൈയിൽ കിട്ടുകയുള്ളൂവെന്ന തരത്തിലായിരുന്നു മലയാളത്തിലെ ഏറ്റവും പ്രമുഖമായ ഒരു പത്രത്തിൽ വന്ന വാർത്ത. ഈ പദ്ധതി ഒരു ഇൻഷ്വറൻസ് പ്രോഡക്ടാണ്. നമ്മുടെ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഒരു പുതിയ പദ്ധതി ലോഞ്ച് ചെയ്യാൻ തീരുമാനിക്കുമ്പോൾ ആക്ച്വറിയൽ സയൻസ് അനുസരിച്ച് പഠിക്കേണ്ടതുണ്ട് (വിദഗ്ധ പഠനം). അത്തരമൊരു പഠനത്തിനായി ഗവൺമെന്റ് ഇറക്കിയ ഉത്തരവ് സംബന്ധിച്ചാണ് ഇത്രയും

വാർത്തകൾ വന്നത്. വിദഗ്ധ പഠനത്തിനുശേഷം പദ്ധതി നിലവിൽ വരികയാണെങ്കിൽ ഇഷ്ടമുള്ളവർക്ക് ചേരാൻ സാധിക്കുന്ന തരത്തിലുള്ള ഒരു ഇൻഷ്വറൻസ് പ്രോഡക്ടായാണ് ഇത് വിഭാവന ചെയ്യുന്നത്. പണം നിക്ഷേപിക്കുന്നവർക്ക് ഒരു നിശ്ചിത വർഷത്തിനുശേഷം ആനുകൂല്യം ലഭ്യമാകുന്ന ആന്വിറ്റി സ്കീമാണിത്, പല സ്ഥാപനങ്ങളും നടപ്പിലാക്കുന്ന ഈ പദ്ധതി ഗവൺമെന്റ് മേഖലയിൽ തുടങ്ങുക എന്നതാണ് ജീവാനന്ദത്തിന്റെ ഉദ്ദേശ്യം. ഇതുസംബന്ധിച്ച് ധാരാളം പ്രസ്താവനകൾ വന്നതിനാൽ ഗൺമെന്റ് ഒരു ഔദ്യോഗിക പ്രത്രക്കുറിപ്പ് നൽകിയിരുന്നു. സാമ്പത്തികമായി അങ്ങേയറ്റത്തെ കെടുകാര്യസ്ഥതകൊണ്ട് സർക്കാർ ജീവനക്കാർക്ക് ഒന്നും നൽകുന്നില്ലെന്ന തരത്തിൽ അങ്ങ് പറഞ്ഞു, എന്നാൽ യാഥാർത്ഥ്യം അതല്ല. കഴിഞ്ഞ ശമ്പളപരിഷ്കരണം വന്നശേഷം അത് നടപ്പിലാക്കി ആനുകൂല്യങ്ങൾ കൊടുത്തത് ഈ സർക്കാരാണ്. 2017 മുതൽ ജീവനക്കാർക്ക് ലഭ്യമാകേണ്ട ക്ഷാമബത്ത പ്രൊവിഡണ്ട് ഫണ്ടിൽ ലയിപ്പിച്ചിരുന്നത് നൽകിയത് ഈ സർക്കാരിന്റെ സമയത്ത് 2021 ഏപ്രിൽ മാസം മുതലാണ്. കേന്ദ്രഗവൺമെന്റിൽനിന്നും ആയിരക്കണക്കിന് കോടി രൂപ നമുക്ക്

കിട്ടാനുണ്ട്. ഗ്രാന്റ് ഇനത്തിൽ നമുക്ക് ലഭ്യമാകേണ്ട തുകയിൽ ഈ വർഷംമാത്രം വന്ന വെട്ടിക്കുറവ് എത്രയാണെന്നറിയാമോ? ഏകദേശം 57000 കോടി രൂപ ഒരു വർഷം വെട്ടിക്കുറയ്ക്കുമ്പോൾപ്പോലും ജീവനക്കാരുടെ ആനുകൂല്യങ്ങളടക്കം എല്ലാകാര്യങ്ങളും ചെയ്തുകൊണ്ട് മുമ്പോട്ടുപോകുകയാണ്. ഇതെല്ലാം കൊടുക്കാനും നടത്താനും പറ്റുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്, അതിനായി, കേരളത്തിന്റെ താല്പര്യത്തിനായി നാം ഒരുമിച്ചുനിന്ന് പ്രവർത്തിക്കണമെന്നേയുള്ളൂ. ജീവനാനന്ദം പദ്ധതിയെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ തെറ്റിദ്ധാരണാജനകമാണെന്ന് ഒരിക്കൽക്കൂടി അറിയിക്കുകയാണ്.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനം**

(*34 ) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. പി. വി. അൻവർ:
ശ്രീ. പി.പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോണിനെ സംസ്ഥാനത്തെ ഏറ്റവും ഉയർന്ന വിറ്റുവരവുള്ള സ്ഥാപനമായി മാറ്റുന്നതിന് ഈ സർക്കാർ നടത്തിയ ഇടപെടലുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) നടപ്പുവർഷം എത്ര കോടി രൂപയുടെ വിറ്റുവരവാണ് കെൽട്രോൺ പ്രതീക്ഷിക്കുന്നതെന്നും അതിനായി എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വെളിപ്പെടുത്താമോ;

(സി) രാജ്യത്താകെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ നിലനിർത്തുന്നതിനും വികസിപ്പിക്കുന്നതിനും സ്വീകരിച്ച തീരുമാനങ്ങളുടെ ഫലമായുള്ള പുരോഗതി വ്യക്തമാക്കാമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

(എ) കേരളത്തിലെ ഇലക്ട്രോണിക്സ് വ്യവസായ മേഖലയുടെ പുരോഗതിക്കായി പ്രധാന പങ്കുവഹിക്കുന്ന പൊതുമേഖല സ്ഥാപനമാണ് കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന-ത്തിന്റെ ഇലക്ട്രോണിക്സ് മേഖലയുടെ വളർച്ചയ്ക്കും വികസനത്തിനുമായി കെൽട്രോണിന്റെ നേതൃത്വത്തിൽ വിവിധ വികസന പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കെൽട്രോണിന്റെ പുനരുദ്ധാരണത്തിന്റെ

ഭാഗമായി നിലവിലുള്ള സാങ്കേതിക പരിജ്ഞാനം, ഫാക്ടറി നവീകരണം എന്നിവയ്ക്കൊപ്പം Traffic Management, Defense Products, Power Electronics എന്നീ മേഖലകളിലൂന്നിയ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള 395 കോടി രൂപയുടെ മാസ്റ്റർപ്ലാൻ, സബ്സിഡിയറി കമ്പനികൾ ഉൾപ്പെടെ തയ്യാറാക്കുകയും ഇത് പ്രകാരമുള്ള പദ്ധതികൾ ഘട്ടം ഘട്ടമായി നടപ്പിലാക്കി വരികയും ചെയ്യുന്നു.

പ്ലാൻ ഫണ്ട് ഇനത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ നൽകിയ 4 കോടി രൂപ, 2022-23 സാമ്പത്തിക വർഷത്തിൽ നൽകിയ 5 കോടി രൂപ, 2023-24 സാമ്പത്തിക വർഷത്തിൽ നൽകിയ 4 കോടി രൂപ എന്നിവ പൂർണമായും ഉപയോഗപ്പെടുത്തി യൂണിറ്റുകളുടെ ഉത്പാദന സൗകര്യങ്ങളുടെ നവീകരണം, മെഡിക്കൽ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി എന്നിവ പൂർത്തിയാക്കി. പവർ ഇലക്ട്രോണിക്സ്, ഇന്റലിജൻസ് ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം, ഡിഫൻസ് ഇലക്ട്രോണിക്സ് എന്നിവയിൽ വൈവിധ്യ-വൽക്കരണവും പുതിയ ഉൽപന്ന വികസനവും ഭാഗികമായി പൂർത്തിയാക്കി. കേരളത്തിലെ നിലവിലുള്ള ഇലക്ട്രോണിക്സ് മേഖലയിലെ മാനുഫാക്ചറിംഗ്

കമ്പനികൾക്ക് സഹായമാകുന്ന വിധം ഇലക്ട്രോണിക്സ് കംപോണന്റ് ഇക്കോസിസ്റ്റം രൂപീകരിക്കുന്നതിനായി ചെറുകിട മാനുഫാക്ചറിംഗ് ക്ലസ്റ്റർ ടെസ്റ്റിംഗ് സൗകര്യങ്ങൾ, ലാബുകൾ, ടൂൾ റൂമുകൾ, ഡിസൈൻ ഹോസ്റ്റുകൾ തുടങ്ങിയ പൊതുവായ സൗകര്യങ്ങൾ സൃഷ്ടിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2024-25 ബഡ്ജറ്റിൽ ഫ്ലാഗ്ഷിപ് പദ്ധതിയായ ഇലക്ട്രോണിക് പാക്കേജ് ടെസ്റ്റ് ഫെസിലിറ്റിയ്ക്കായി 20 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്.

പ്രതിരോധ മേഖലയിൽ ഉത്പാദനശേഷി വിപുലീകരണത്തിനും പുതിയ സാങ്കേതികവിദ്യ പ്രാപ്യമാക്കുന്നതിനും കെൽട്രോൺ നടപടി സ്വീകരിച്ചുവരുന്നു.

ലാപ്ടോപ് ഉൾപ്പെടെയുള്ള ഹാർഡ്‌വെയർ നിർമ്മിക്കുന്ന കമ്പനിയായ കോക്കോണിക്സിലെ കെൽട്രോണിന്റെ ഓഹരി വിഹിതം കൂട്ടുകയും അതിലൂടെ ലാപ്ടോപ് വിപണി വിപുലീകരിക്കുവാനും കെൽട്രോൺ ലക്ഷ്യമിടുന്നുണ്ട്. മൂടാടിയിലെ കെൽട്രോൺ ലൈറ്റിംഗ് ഡിവിഷനിൽ ബേബിവാമർ, ബാസിനറ്റ് എന്നിവയുടെ പ്രവർത്തനമാതൃക 5 എണ്ണം പൂർത്തിയാക്കുകയും അതിന്

മെഡിക്കൽ ബോർഡിന്റെ അംഗീകാരം നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. കൂടാതെ ഡിജിറ്റൽ ശ്രവണ സഹായിയുടെ നിർമ്മാണവും വിപുലീകരിച്ചു.

2023-24 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ) റെക്കോർഡ് വിറ്റുവരവായ 643.66 കോടി രൂപയും 42.52 കോടി രൂപയുടെ പ്രവർത്തനലാഭവും നേടിയിട്ടുണ്ട്.

കെൽട്രോൺ മുഖേന വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങളുടെ വില്പനയ്ക്കായുള്ള ഇ-കോമേഴ്സ് പോർട്ടൽ BPT-യുമായി സഹകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. സബ്സിഡിയറി കമ്പനിയായ കണ്ണൂരിൽ പ്രവർത്തിക്കുന്ന കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡിൽ 18 കോടി രൂപ ചെലവിൽ രാജ്യത്തെ ആദ്യത്തെ സൂപ്പർ കപ്പാസിറ്റർ നിർമ്മാണത്തിനുള്ള മെഷിനറികൾ സ്ഥാപിച്ച് പദ്ധതി പൂർത്തീകരിക്കുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഇതിനുള്ള സാങ്കേതിക സഹായം VSSC/ഐ.എസ്.ആർ.ഒ. -യിൽ നിന്നാണ്

ലഭിച്ചിട്ടുള്ളത്. സൂപ്പർ കപ്പാസിറ്ററുകളുടെ വിവിധ ശ്രേണിയിലുള്ള പരീക്ഷണ ഉത്പാദനം പുരോഗമിച്ചുവരുന്നു.

കെൽട്രോൺ നേരത്തെതന്നെ മികവ് തെളിയിച്ചിട്ടുള്ള ഇന്റലിജന്റ് ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം പ്രതിരോധ മേഖല വിവരസാങ്കേതിക വിദ്യ എന്നീ മേഖലകളിൽ വിദേശ രാജ്യങ്ങളിൽ നിന്നുള്ള ഓർഡറുകൾ ലഭിക്കുന്നതിനു വേണ്ടിയും കമ്പനി പരിശ്രമിക്കുന്നുണ്ട്.

(ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി MOU സംവിധാനം നടപ്പിലാക്കുന്നതിനായി തയ്യാറാക്കിയ ബിസിനസ് പ്ലാൻ പ്രകാരം കെൽട്രോൺ 1057.99 കോടി രൂപയുടെ വിറ്റുവരവാണ് 2024-25 സാമ്പത്തിക വർഷം ലക്ഷ്യമിട്ടിരിക്കുന്നത്. അത് നേടുവാൻ വേണ്ടി Smart Classrooms / Traffic Management /Traffic Enforcement / IT അധിഷ്ഠിത സേവനങ്ങൾ /Surveillance System എന്നീ മേഖലയിൽ ഊന്നൽ നൽകിയുള്ള പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്യുന്നത്. മാർക്കറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തി മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഓർഡറുകൾ ലഭ്യമാക്കുവാനുള്ള

കമ്പനിയുടെ നിരന്തര പരിശ്രമത്തിന്റെ ഫലമായി 900 കോടി രൂപയുടെ Smart Classroom ഓർഡർ തമിഴ്നാട് സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. കൂടാതെ തിരുപ്പതി സ്മാർട്ട് സിറ്റിയുടെയും ഒഡീഷ സ്മാർട്ട് ക്ലാസിന്റെയും ഓർഡറുകൾ കെൽട്രോണിന് ലഭിച്ചിട്ടുണ്ട്.

പ്രതിരോധ മേഖലയിൽ തദ്ദേശീയമായി ഉല്പന്നങ്ങൾ നിർമ്മിച്ചു നൽകുന്നതിനുള്ള പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്യുന്നത്. അതിലേക്കായി Navy, DRDO, NPOL, NSTL, BEL എന്നിവരുമായി ഉടമ്പടി ഒപ്പിടുകയും ചെയ്തിട്ടുണ്ട്. ഡിഫെൻസ് ഇലക്ട്രോണിക്സ് മേഖലയിൽ ഏകദേശം 160 കോടി രൂപയുടെ ഓർഡർ ലഭിച്ചിട്ടുണ്ട്. കെൽട്രോണിന് ലഭിച്ച പ്ലാൻ ഫണ്ട് ഉപയോഗിച്ച് അടിസ്ഥാന സൗകര്യങ്ങളുടെയും ഉപകരണങ്ങളുടെയും നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽത്തന്നെ നിലനിർത്തി ശക്തിപ്പെടുത്തുന്നതിനുള്ള നയസമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിനായി സ്വീകരിച്ച പ്രധാന നടപടികൾ ചുവടെ ചേർക്കുന്നു.

- ശാസ്ത്ര സാങ്കേതിക, വ്യവസായ, വിപണന രംഗത്തുണ്ടായ മാറ്റങ്ങൾക്കും കമ്പനികളുടെ പ്രവർത്തനമേഖലയ്ക്കും അനുസൃതമായി ഓരോ പൊതുമേഖലാ സ്ഥാപനത്തിനും മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

- പൊതുമേഖലാസ്ഥാപനങ്ങൾക്ക് ഉത്തരവാദിത്തത്തോടുകൂടി പ്രവർത്തന സ്വയംഭരണാവകാശം നൽകുന്നതിന്റെ ഭാഗമായി ശ്രീ. പോൾ ആൻറണി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

- ശ്രീ.പോൾ ആന്റണി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിങ് ആൻഡ് ഇന്റേണൽ ആഡിറ്റ് ബോർഡ് (RIAB) പുനർനാമകരണം ചെയ്ത് ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ (BPT) എന്നാക്കുകയും ഗവേർണിംഗ് ബോഡി പുനഃസംഘടിപ്പിച്ച് പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

- ഓരോ പൊതുമേഖലാ സ്ഥാപനത്തിനും 2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബിസിനസ് പ്ലാനും MoU ഉം തയ്യാറാക്കിയിട്ടുണ്ട്.

- വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ പി.എസ്.സി. മുഖേനയല്ലാതെയുള്ള നിയമനങ്ങൾ നടത്തുന്നതിന് KPESRB രൂപീകരിച്ചു.

- കമ്പനികളുടെ ഡയറക്ടർ ബോർഡുകൾ വിദഗ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ മേഖലകളിൽ പ്രാവീണ്യം ലഭിച്ചവരുടെ ഒരു പാനൽ തയ്യാറാക്കി ഇൻഡിപെൻഡന്റ് ഡയറക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

- ജീവനക്കാരുടെ കാര്യക്ഷമതയും മികവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പരിശീലന പരിപാടികൾ കമ്പനി തലത്തിലും ബി.പി.റ്റി മുഖേനയും നടത്തിവരുന്നു.

- പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവിന് അംഗീകാരം നൽകുന്നതിന്റെ ഭാഗമായി ഏറ്റവും മികച്ച സ്ഥാപനം,

- മാനേജിങ് ഡയറക്ടർ, ജീവനക്കാരൻ, വ്യവസായ മേഖലയെ സംബന്ധിച്ച മികച്ച മാധ്യമ റിപ്പോർട്ടിങ് എന്നീ മേഖലകളിൽ അവാർഡുകൾ നൽകിവരുന്നു.

- പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം സുഗമമായി നടക്കുന്നതിനുള്ള പ്രവർത്തന മൂലധനം ഉറപ്പുവരുത്തുന്നതിനും ദീർഘകാല പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുമായി സർക്കാർ ധനസഹായത്തിന് പുറമെ റിവോൾവിങ് ഫണ്ട് രൂപീകരിക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

- പരമ്പരാഗത മേഖലയുടെ വികസനത്തിന്റെ ഭാഗമായി ഉല്പന്നങ്ങളുടെ വിപണനത്തിനായി ONDC യുടെ സഹകരണത്തോടെ ഇ-കൊമേഴ്സ് പോർട്ടൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

- വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾക്ക് തുടർച്ചയായി ബിസിനസ്/ ഓർഡറുകൾ നേടിയെടുക്കുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി B2B meet സംഘടിപ്പിക്കുകയും

തുടർപ്രവർത്തനങ്ങളുടെ ഭാഗമായി കൂടുതൽ ഓർഡറുകൾ ലഭ്യമായി തുടങ്ങിയിട്ടുമുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ആവശ്യം കഴിഞ്ഞ് അധികമുള്ള ഭൂമി വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തി മത്സരക്ഷമമാക്കുക എന്ന നയത്തിനോടൊപ്പംതന്നെ കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെക്കൂടി ഏറ്റെടുത്ത് പൊതുമേഖലയിൽ നിലനിർത്തുന്നതിനുള്ള ബദൽ വികസന നയമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്.

<u>മേൽപ്പറഞ്ഞ നടപടികൾ മൂലം കൈവരിച്ച പുരോഗതി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:</u>

മാസ്റ്റർ പ്ലാൻ പദ്ധതികൾ ഷോർട്ട് ടേം, മിഡ് ടേം, ലോങ് ടേം രീതിയിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചതോടുകൂടി കമ്പനികൾക്ക് ഒരു പ്രത്യേക ലക്ഷ്യബോധത്തോടെ പ്രവർത്തിക്കുവാൻ സാധിക്കുന്നുണ്ട്.

വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സ്വയംഭരണം നൽകിയതിലൂടെ കാലതാമസം കൂടാതെ പല പ്രവർത്തനങ്ങളും ഏകോപിപ്പിക്കുവാൻ സാധിക്കുന്നതാണ്.

MoU നടപ്പിലാക്കുന്നതിലൂടെ നിശ്ചിത ലാഭം / ഉല്പാദനം നടത്തുന്ന കാര്യത്തിൽ കമ്പനികൾ നിർബന്ധിതരാകുന്നതിലൂടെ പൊതുവിൽ കമ്പനികളെ വികസനത്തിന്റെ പുതുപാതയിൽ കൊണ്ടുവരുവാൻ സാധിക്കുന്നതാണ്.

KPESRB യുടെ രൂപീകരണത്തിലൂടെ കൂടുതൽ സാങ്കേതിക വൈദഗ്ധ്യവും അനുഭവപരിചയമുള്ള ജീവനക്കാരെ സുതാര്യമായ നടപടികളിലൂടെ വേഗത്തിൽ നിയമിക്കുവാൻ സാധിക്കുന്നു.

ഇൻഡിപെൻഡന്റ് ഡയറക്ടർമാരുടെ പ്രത്യേക മേഖലകളിലുള്ള നിപുണത സാങ്കേതിക തീരുമാനങ്ങൾ വേഗത്തിൽ കൈക്കൊള്ളുന്നതിന്

സഹായകമാകുകയും അതുവഴി കമ്പനിയുടെ വികസനത്തിന് മുതൽക്കൂട്ടാകുകയും ചെയ്യുന്നുണ്ട്.

വിവിധ പരിശീലന പരിപാടികളിലൂടെ ജീവനക്കാരുടെ മികവ് ഉയർത്തുവാനും പ്രവർത്തനമികവിനുള്ള അംഗീകാരം നൽകുന്നതിലൂടെ കമ്പനിക്കും ജീവനക്കാർക്കും പ്രചോദനം നൽകുവാനും കഴിഞ്ഞിട്ടുണ്ട്.

റിവോൾവിംഗ് ഫണ്ട് എന്ന ആശയത്തിലൂടെ മതിയായ ഓർഡറുകൾ ഉണ്ടായിട്ടും പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം പ്രവർത്തനം മന്ദീഭവിച്ചിരിക്കുന്ന സ്ഥാപനങ്ങൾക്ക് കൂടുതൽ പ്രവർത്തനമികവ് കൈവരിക്കാനാകും.

സ്വകാര്യ വ്യവസായ മേഖലകൾക്ക് കരുത്താകുന്ന ഓൺലൈൻ പോർട്ടലുകൾക്ക് സമാനമായി ഇ-കൊമേഴ്സ് പോർട്ടലിലൂടെ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുവാൻ സാധിക്കും.

B2B meet ന്റെ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൂടുതൽ ഓർഡറുകൾ ലഭ്യമായിത്തുടങ്ങിയിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ അധികഭൂമി പ്രയോജനപ്പെടുത്തിയതിന്റെ ഭാഗമായി പെട്രോൾ പമ്പ് സ്ഥാപിച്ചതിലൂടെയും പൊതുമേഖലാ വരുമാനം വർദ്ധിപ്പിക്കുവാൻ സാധിച്ചു. കൂടാതെ അധികഭൂമിയിൽ സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷന് ഗോഡൗൺ സ്ഥാപിക്കുന്നതിനുള്ള സാധ്യതകളും പരിശോധിച്ചു വരികയാണ്.

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ എച്ച്. എൻ. എൽ., ഭെൽ, ഇ. എം. എൽ എന്നിവയെ കേരള സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ്, കെൽ - ഇ.എം.എൽ എന്നിങ്ങനെ പുന:നാമകരണം ചെയ്ത് അവയെ പ്രവർത്തന മികവുള്ള സ്ഥാപനങ്ങളാക്കി മാറ്റിയിട്ടുണ്ട്.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ മുളങ്കുന്നത്തുകാവിൽ പ്രവർത്തനം അവസാനിപ്പിച്ച കെൽട്രോൺ കമ്പനിയുടെ വസ്തുവകകൾ official liquidator ഏറ്റെടുത്തിട്ട് വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. സംസ്ഥാനപാതയോട് ചേർന്ന ഏക്കർകണക്കിന് ഭൂമി വെറുതെകിടക്കുകയാണ്. കേസ് തീർപ്പാക്കുന്നതിന്

സ്വീകരിച്ച നടപടികളും പ്രസ്തുത സ്ഥലം ഉപയോഗിച്ച് കെൽട്രോൺ ആരംഭിക്കുന്ന പുതിയ പദ്ധതികളെ സംബന്ധിച്ചും വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, പ്രസ്തുത സ്ഥാപനം സംബന്ധിച്ച കേസ് ഇപ്പോഴും നിലനിൽക്കുന്നുണ്ട്, സ്ഥാപനം official liquidator-ടെ കൈവശമാണുള്ളത്. പ്രസ്തുത ഭൂമിയിൽ ആരംഭിക്കുന്നതിനായി നേരത്തേ ഒരു പദ്ധതി നൽകിയിരുന്നെങ്കിലും അത് അംഗീകരിക്കപ്പെട്ടില്ല. ഇപ്പോൾ നേവി ഡിഫൻസുമായി ചേർന്ന് ആരോസ്, എൻ.ഐ.ഒ, എൻ.ടി.ആർ എന്നീ സ്ഥാപനങ്ങൾക്കായി തയ്യാറാക്കിയ ഡി.പി.ആർ. official liquidator മുമ്പാകെ സമർപ്പിച്ച് വീണ്ടും പദ്ധതിക്കായി സമീപിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. പ്രസ്തുത ഭൂമി നല്ലരീതിയിൽ ഉപയോഗിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കും.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, പ്രതിരോധമേഖലയിൽ നമ്മുടെ രാജ്യത്ത് വൻകിട പ്രോജക്ടുകൾ നടന്നുവരികയാണ്. ഇതുമായി ബന്ധപ്പെട്ട സാധ്യതകൾ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് എത്രമാത്രം പ്രയോജനപ്പെടുത്താൻ സർക്കാർ ശ്രമിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, നമ്മുടെ വ്യവസായ മേഖലയിൽ വളരെയധികം സാധ്യതയുള്ള ഒന്നാണ് പ്രതിരോധ രംഗം. പ്രതിരോധ രംഗത്ത് കെൽട്രോൺ ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങൾക്കും നല്ലരീതിയിൽ ഓർഡർ ലഭിക്കുന്നുണ്ട്. അതിനാവശ്യമായ തരത്തിലുള്ള ചർച്ചകളും സംവിധാനങ്ങളും പ്രതിരോധ മന്ത്രാലയവുമായി ബന്ധപ്പെട്ട് നടത്തുന്നുണ്ട്. കെൽട്രോണിനെ നയിക്കുന്ന വ്യക്തികളെല്ലാംതന്നെ പ്രതിരോധ മേഖലയിൽ അനുഭവ സമ്പത്തുള്ളവരാണ്. അതിന്റെ അടിസ്ഥാനത്തിൽ പുതിയ സാധ്യതകൾ വിനിയോഗിച്ചുകൊണ്ട് ഓർഡറുകൾ ലഭിക്കുന്നുണ്ട്. സ്വകാര്യ സ്ഥാപനങ്ങൾക്ക് പ്രതിരോധ മേഖല തുറന്നുകൊടുത്തതിന്റെ ഭാഗമായി സ്പേസുമായി ബന്ധപ്പെട്ട ഒരു ഇക്കോസിസ്റ്റം തിരുവനന്തപുരത്ത് ശക്തമായി നിലനിൽക്കുന്നതിനാൽ ആ സാധ്യതകൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് പ്രസ്തുത രംഗത്തെ വ്യവസായങ്ങൾക്കുള്ള സാധ്യതയും സർക്കാർ വിനിയോഗിക്കാൻ ശ്രമിക്കുന്നുണ്ട്.

ശ്രീ. പി. വി. അൻവർ: സർ, എന്റെ ചോദ്യം കയർ ഉല്പന്നങ്ങളുമായി ബന്ധപ്പെട്ടതാണ്. ഈ മേഖലയിൽ വലിയ പിന്തുണ നൽകിയ ഒരു

ഗവൺമെന്റാണ് ഇന്നുള്ളത്. കയർ ഉല്പന്നങ്ങളുടെ വിദേശ വിപണനത്തിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും കയറ്റുമതി രംഗത്തെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി പല രൂപത്തിലുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പ്രശ്നങ്ങൾ പഠിക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുകയും അവരുടെ റിപ്പോർട്ട് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. വിപണിക്ക് ആവശ്യമായ തരത്തിലുള്ള ഉല്പന്നങ്ങൾ നിർമ്മിക്കാൻ കഴിയണം, അതിനാവശ്യമായ പരിശീലനം നൽകുന്നതിനുള്ള മാസ്റ്റർ ട്രെയിനേഴ്സിനെ രൂപപ്പെടുത്തുന്നതിനുള്ള പരിശീലനം പൂർത്തീകരിച്ചു. കയർ മേഖലയിലെ തൊഴിലാളികൾക്ക് അലവൻസ് നൽകിക്കൊണ്ട് പുതിയ ഡിസൈനുകൾ പരിചിതമാക്കാനുള്ള ശിൽപ്പശാലയും സംഘടിപ്പിച്ചുകഴിഞ്ഞു. അതോടൊപ്പംതന്നെ വിപണി ഉറപ്പുവരുത്തുന്നതിനായി പ്രധാനപ്പെട്ട എല്ലാ ഓൺലൈൻ സംവിധാനങ്ങളെയും ഇ-കൊമേഴ്സ് സംവിധാനങ്ങളെയും ഉപയോഗപ്പെടുത്തുന്നുണ്ട്. വാൾമാർട്ട് പോലെയുള്ള വലിയ നെറ്റ്‌വർക്ക്

സംവിധാനത്തിലും കയർ കോർപ്പറേഷന്റെ ഉല്പന്നങ്ങൾ ഇപ്പോൾ ലഭ്യമാണ്. പ്രതിസന്ധി മറികടക്കുന്നതിനായി പുതിയ സാധ്യതകൾ വിനിയോഗിക്കാനും സർക്കാർ ഈ മേഖലയിൽ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. പി. പി. സുമോദ്</u>: പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ഏക ലാപ്ടോപ്പ് നിർമ്മാതാക്കളായ 'കൊക്കോണിക്സ് '-ന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, നേരത്തെ 'കൊക്കോണിക്സ്' പ്രവർത്തനം ആരംഭിച്ച ഘട്ടത്തിൽ ഗവൺമെന്റിന് 49 ശതമാനവും സ്വകാര്യ സ്ഥാപനത്തിന് 51 ശതമാനവും ഓഹരികളാണുണ്ടായിരുന്നത്, പല പ്രതി സന്ധികളും അക്കാലത്ത് നേരിട്ടിരുന്നു. ഇപ്പോൾ ഒരു ഡീംഡ് PSU (Public Sector Undertaking) ആയി അതിനെ കൺവർട്ട് ചെയ്തിട്ടുണ്ട്. ഇപ്പോൾ 51 ശതമാനം ഓഹരി കെൽട്രോണിൽ നിക്ഷിപ്തമാണ്. ഈ പദ്ധതിയിലെ സ്വകാര്യ പാർട്ണറായ 'UST Global' എന്ന സ്ഥാപനത്തിന് ഇപ്പോഴുള്ള ഓഹരി 47 ശതമാനമായി കുറഞ്ഞു. പുതിയ ഒരു സംവിധാനത്തിലേയ്ക്ക് പ്രസ്തുത

സ്ഥാപനം ഓഹരികൾ കൈമാറിയിട്ടുണ്ട്. അതോടൊപ്പംതന്നെ വികസനത്തിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുകയും പുതിയ മോഡലുകൾ തയ്യാറായിക്കഴിയുകയും ചെയ്തു. നാല് മോഡലുകൾ നിലവിൽ വിപണിയിലുണ്ട്. ഇതുകൂടാതെ രണ്ട് പുതിയ മോഡലുകൾകൂടി വിപണിയിൽ ഇറക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി 3 കോടി രൂപയുടെ മെച്ചപ്പെട്ട വില്പന ഈ സാമ്പത്തിക വർഷം കൊക്കോണിക്സിന് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പങ്കാളിയുമായി ചേർന്നുകൊണ്ട് പുതിയ രീതിയിലുള്ള ഉല്പന്നങ്ങൾ നിർമ്മിക്കാൻ 'കൊക്കോണിക്സ്'ശ്രമിക്കുകയാണ്.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, കേന്ദ്രഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കുന്നതിനുള്ള നടപടികൾ ശക്തമായി തുടരുകയാണ്. കേരള ഗവൺമെന്റ് സംസ്ഥാന പൊതുമേഖലകൾ പൂർണ്ണമായി സംരക്ഷിക്കാനും കേന്ദ്രം വില്പനയ്ക്കുവച്ച സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിനുമുള്ള മാതൃകാപരമായ നടപടിയാണ് സ്വീകരിക്കുന്നത്. കേരളത്തിൽ കേന്ദ്ര ഗവൺമെന്റ് വിൽപ്പനയ്ക്ക് വച്ചിരുന്ന എച്ച്.എൻ.എൽ.(Hindustan Newspaper Limited) ഏറ്റെടുത്തപ്പോൾ സംസ്ഥാന ഗവൺമെന്റ് കെ.പി.പി.എൽ. (Kerala

Paper Product Limited) എന്ന ഒരു കമ്പനി രൂപീകരിക്കുകയുണ്ടായി. ഇതിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, കെ.പി.പി.എൽ. (Kerala Paper Product Limited) മികച്ച രീതിയിൽ മുമ്പോട്ടുപോകുകയാണ്. ഇക്കഴിഞ്ഞ മേയ് മാസത്തിൽ 5236 ടൺ ന്യൂസ് പ്രിന്റ് ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. മലയാളത്തിലെ മുൻനിര പത്രങ്ങളായ മനോരമ, മാതൃഭൂമി, ദേശാഭിമാനി, ചന്ദ്രിക തുടങ്ങിയവയും THE HINDU DAILY-യും, ദിനതന്തി, ദിനകരൻ,ദിനമലർ, മാലൈ, മലർ തുടങ്ങിയ തമിഴ് പത്രങ്ങളും തെലുങ്ക് ദിനപത്രങ്ങളായ സാക്ഷി, ആന്ധ്ര ജ്യോതി, നവതെലുങ്കാന, പ്രജാശക്തി, ഹിന്ദി-ഗുജറാത്തി പത്രങ്ങളായ ദൈനിക് ഭാസ്കർ, ഗുജറാത്തി സമാചാർ, ഇംഗ്ലീഷ് പത്രങ്ങളായ TIMES OF INDIA, BUSINESS STANDARD, FINANCIAL EXPRESS, DECAN CHRONICLE തുടങ്ങിയവയെല്ലാം അച്ചടിക്കുന്നത് സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്തിട്ടുള്ള കെ.പി.പി.എൽ.

ഉല്പാദിപ്പിക്കുന്ന ന്യൂസ്പ്രിന്റ് ഉപയോഗിച്ചുകൊണ്ടാണെന്നതിൽ നമുക്കെല്ലാവർക്കും അഭിമാനിക്കാവുന്നതാണ്.

## നികുതി ചോർച്ച തടയുന്നതിനുള്ള പ്രവർത്തനങ്ങൾ

(*35) ശ്രീ. എം.നൗഷാദ്:
ശ്രീ. ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കെ. ബാബു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി ചോർച്ച തടയുന്നതിനായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നികുതി കുടിശിക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് നടപ്പാക്കിവരുന്ന സ്കീമുകൾ വിശദമാക്കുമോ;

(സി) ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗം നടത്തിയ ഓപ്പറേഷൻ പാംട്രീ പരിശോധനയിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തട്ടിപ്പ് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

(എ) പുനഃസംഘടനയിലൂടെ ഇപ്പോൾ വകുപ്പ് പ്രവർത്തിക്കുന്നത് ടാക്സ് പെയർ സർവ്വീസസ്, ഓഡിറ്റ്, ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് എന്നീ മൂന്ന് വിഭാഗങ്ങളായാണ്. ഇതിൽ ഓരോ വിഭാഗങ്ങളും നികുതി പിരിവ് ഊർജ്ജിതമാക്കുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ടാക്സ് പെയർ സർവ്വീസസ് നികുതി ദായക റിട്ടേണുകൾ യഥാസമയം ഫയൽ ചെയ്യുന്നുണ്ടോയെന്ന് നിരീക്ഷിക്കുകയും പ്രസ്തുത റിട്ടേണുകൾ പരിശോധിച്ച് നികുതി അടവ് ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഓഡിറ്റ് വിഭാഗം നികുതിദായകരെ റിസ്ക് അടിസ്ഥാനത്തിൽ തരംതിരിച്ച് (പല പാരാമീറ്ററുകൾ ഉപയോഗപ്പെടുത്തി) ഓഡിറ്റിനായി തെരഞ്ഞെടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിൽ ഓഡിറ്റ് വിസിറ്റ് നടത്തി നികുതിദായകർ സൂക്ഷിച്ചിരിക്കുന്ന രേഖകളും അക്കൗണ്ടുകളും വിശദമായി പരിശോധിച്ച് അവർ ഫയൽ ചെയ്ത റിട്ടേണുകളുമായി താരതമ്യം ചെയ്ത് എവിടെയെങ്കിലും നികുതി ചോർച്ച ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ച് നടപടികൾ എടുത്തുവരുന്നു. എൻഫോഴ്സ്മെന്റ് വിഭാഗം ചരക്ക് നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും ഇ-

വേ ബിൽ, ഇ-ഇൻവോയ്സ് തുടങ്ങിയവ നിയമപ്രകാരം ചരക്ക് നീക്കങ്ങൾക്ക് ഉപയോഗിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഇരുപത്തിനാല് മണിക്കൂറും പട്രോളിങ്ങിലേർപ്പെട്ടിരിക്കുന്ന എൻഫോഴ്സ്മെന്റ് വിഭാഗം സംസ്ഥാനത്തിനകത്തേക്കും പുറത്തേക്കും നികുതി വെട്ടിച്ച് നടത്തുന്ന ചരക്ക് നീക്കങ്ങളെ തടഞ്ഞ് പിഴ ചുമത്തുകയും കണ്ടുകെട്ടേണ്ടതായ കേസുകളിൽ നികുതി വെട്ടിച്ച് കടത്തുന്ന ചരക്കുകളും വാഹനങ്ങളും കണ്ടുകെട്ടാനാവശ്യമായ നടപടികളെടുക്കുന്നു. ഇതു കൂടാതെ വാഹന പരിശോധനയിൽ കണ്ടെത്തുന്ന തുടരന്വേഷണം ആവശ്യമായ കേസുകൾ ബന്ധപ്പെട്ട വിഭാഗങ്ങൾക്ക് കൈമാറുകയും ചെയ്യുന്നു.

ഇന്റലിജൻസ് വിഭാഗം വിവര സാങ്കേതിക വിദ്യയുടെ പിൻബലത്തോടെയും രഹസ്യ അന്വേഷണം, ഇൻഫോർമേഴ്സ്, പരാതികൾ എന്നിവയിലൂടെയും ലഭിക്കുന്ന നികുതി വെട്ടിപ്പുകളെ സംബന്ധിച്ച സൂചനകൾ കൃത്യമായി അപഗ്രഥിച്ച് അന്വേഷണം നടത്തുകയും ആയതിലൂടെ നികുതി വെട്ടിപ്പിന്റെ വ്യാപ്തിയും ആധികാരികതയും ഉറപ്പുവരുത്തി സേർച്ച്/ ഇൻസ്പെക്ഷൻ നടത്തി പെനാൽറ്റിയും നികുതിയും ഈടാക്കുന്നു. ഇതുകൂടാതെ

അനിവാര്യ ഘട്ടങ്ങളിൽ നികുതി വെട്ടിപ്പുകാരെ അറസ്റ്റിന് വിധേയമാക്കുകയും ചെയ്യുന്നു.

(ബി) ജി. എസ്. ടി. -ക്കുമുൻപുള്ള നികുതി നിയമങ്ങളുമായി ബന്ധപ്പെട്ട നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ആംനസ്റ്റി പദ്ധതികൾ കഴിഞ്ഞ വർഷങ്ങളിൽ (2023 ഒഴികെ) നടപ്പിലാക്കിയിട്ടുണ്ടായിരുന്നു. കൂടാതെ കുടിശ്ശിക നിവാരണത്തിനായി സമഗ്രമായ ആംനസ്റ്റി പദ്ധതി ഈ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. വകുപ്പിന്റെ പുന:സംഘടനയിൽ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി എല്ലാ ജില്ലകളിലും പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്.

(സി) കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗം നടത്തിയ ഓപ്പറേഷൻ പാംട്രീ പരിശോധനയിൽ സംസ്ഥാന വ്യാപകമായി 148 വ്യക്തികളുടെ പേരിൽ എടുത്ത ജി.എസ്.ടി. രജിസ്ട്രേഷനുകളിലൂടെ 1170 കോടി രൂപയുടെ വ്യാജ ഇടപാട് നടത്തിയതിൽനിന്നും 209 കോടി രൂപയുടെ നികുതി നഷ്ടം

വരുത്തിയതായാണ് കണ്ടെത്താനായത്. കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ വിശദമായ പരിശോധനകൾ നടത്തിവരുന്നു.

ശ്രീ. എം.നൗഷാദ്: സർ, അന്യസംസ്ഥാനത്തുള്ള വ്യാപാരികൾ ജി.എസ്.ടി സോഫ്റ്റ്‍വെയറിൽ റിട്ടേൺ കൃത്യമായി ഫയൽ ചെയ്യാത്തതുമൂലം ഐ.ജി.എസ്.ടി വരുമാനത്തിലുണ്ടാകുന്ന നികുതി നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇക്കാര്യത്തിൽ ഐ.ജി.എസ്.ടി-യുടെ കൃത്യമായ റിട്ടേൺ സമർപ്പിക്കാത്തതിന്റെയും വ്യാജമായിട്ടുണ്ടാക്കുന്ന രജിസ്ട്രേഷന്റെയും പ്രശ്നമുണ്ട്. ഇതെല്ലാം സജീവമായിട്ട് പരിഗണിക്കുന്നുണ്ട്. ഉദാഹരണത്തിന് ഈ കഴിഞ്ഞമാസം എസ്.ജി.എസ്.ടി-യിൽ (സംസ്ഥാനത്തിനകത്ത്) നിന്നുപിരിക്കുന്ന ടാക്സിന്റെ വരുമാനത്തിൽ 10% വർദ്ധനയുണ്ടായി. പക്ഷെ ഐ.ജി.എസ്.ടി-യിൽ 3%-ന്റെ വർദ്ധനവേ ഉണ്ടായിട്ടുള്ളൂ. യഥാർത്ഥത്തിൽ അതു ശരിയല്ല. നേരത്തെതന്നെ പരിഹരിക്കപ്പെടണമെന്ന് കേരളം ആവശ്യപ്പെടുന്ന കാര്യമാണിത്, പല

മേഖലകളിലും ഇത്തരം നഷ്ടം ഒഴിവാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. നേരത്തെയുള്ള ചോദ്യത്തിന് ഉത്തരമായിട്ടും ഞാൻ പറഞ്ഞത് ഇതുതന്നെയാണ്. ഈ പ്രശ്നം ഇപ്പോഴും നിലനിൽക്കുന്നുണ്ട്, കൂടുതലായി ഇക്കാര്യം നടക്കുന്നുമുണ്ട്. സംസ്ഥാനങ്ങൾ തമ്മിലുള്ള കച്ചവടത്തിനുള്ള ഇ-വേ ബില്ലിന്റെ കാര്യത്തിൽ കുറച്ചുകാര്യങ്ങൾകൂടി കൊണ്ടുവരാൻ ശ്രമിക്കുകയാണ്. സ്വർണ്ണത്തിന്റെ കാര്യത്തിൽ കുറച്ചുകാര്യങ്ങൾകൂടി കൊണ്ടുവരുന്നതിന് ശ്രമിച്ചിട്ടുണ്ട്, ഇത്തരം കാര്യങ്ങളിൽ കുറച്ചുകൂടി ശക്തിപ്പെടുത്തുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച കാര്യം വളരെ പ്രധാനപ്പെട്ടതാണ്. അന്യസംസ്ഥാനങ്ങളിൽ രജിസ്ട്രേഷൻ എടുക്കുക, പണം അവിടെ അടച്ചതായി കാണിക്കുക; പണം അടയ്ക്കാതിരിക്കുക. ഇവിടെനിന്നും രജിസ്ട്രേഷൻ എടുക്കുക, അന്യസംസ്ഥാനത്തേയ്ക്ക് അയയ്ക്കുന്നതായി കാണിക്കുക, സാധനങ്ങൾ അയയ്ക്കാതിരിക്കുക തുടങ്ങിയ പരിപാടികൾ ചെയ്യുകയും അവിടെ ഈ ബില്ല് പ്രസന്റ് ചെയ്യുകയും ചെയ്താൽ നമ്മുടെ ഖജനാവിൽനിന്ന് പണം

അങ്ങോട്ടു കൊടുക്കേണ്ടിവരും. അങ്ങനെയുള്ള പല തട്ടിപ്പുകളും ഈ മേഖലയിൽ നടക്കുന്നുണ്ട്. അതിൽ കർശനമായ നിലപാടെടുക്കുകയും നിരന്തരമായി ജി.എസ്.ടി കൗൺസിലിൽ ഈ പ്രശ്നം ഉന്നയിച്ചുകൊണ്ടിരിക്കുകയും ചെയ്യുകയാണ്.

ശ്രീ. എം.നൗഷാദ്: സർ, ചെക്ക് പോസ്റ്റുകൾ പൂർണ്ണമായും ഒഴിവാക്കിയ സാഹചര്യത്തിൽ നികുതി വെട്ടിപ്പുനടത്തി വാഹനങ്ങൾ കടന്നുപോകുന്നത് കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്?

ശ്രീ. കെ. എൻ. ബാലഗോപാൽ: ചെക്ക്പോസ്റ്റുകൾ നിർത്തലാക്കിയെങ്കിലും ആധുനിക സൗകര്യമുള്ള ക്യാമറകൾവച്ച് ഇത്തരം കാര്യങ്ങൾ പരിശോധിക്കാനുള്ള സംവിധാനങ്ങളുണ്ട്. ഇതുകൂടാതെതന്നെ ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പരിശോധനയുമുണ്ട്. 2022-23-ൽ 10,09,108 വാഹനപരിശോധകൾ നടത്തുകയും 15,728 കേസുകളെടുക്കുകയും ചെയ്തിട്ടുണ്ട്. അന്ന് 57.73 കോടി രൂപ പെനാലിറ്റി ഈടാക്കിയിരുന്നു. 2023-24-ൽ 9,18,000-ൽ അധികം വണ്ടികൾ

പരിശോധിച്ചു. 2024-25-ൽ 1,78,493 വണ്ടികൾ പരിശോധിച്ചു. 2023-24-ൽ പല പരിശോധനകളുടെ ഭാഗമായി 1,709 കോടി രൂപ കണ്ടെത്തിയിട്ടുണ്ട്. ഈ മേഖലയിൽ പലയിടത്തും വലിയ അഴിമതി നടക്കുന്നുണ്ട്. നികുതി വെട്ടിപ്പുകാരെ യാതൊരു കാരണവശാലും വെറുതെവിടാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടില്ല. എല്ലാ മേഖലകളിലും അതിശക്തായ നടപടികൾ തുടരും.

മി.സ്പീക്കർ: ഓർഡർ..... ഓർഡർ. ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

------------------------